# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മുതുകുളം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-ALP-P-4/1159/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 19/03/2022
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

ബഹു.മേയർ (സെക്രട്ടറി മുഖേന)
മുതുകുളം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മുതുകുളം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുതുകുളം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-ALP-P-4/1159/2021 തീയ്യതി: 19/03/2022

## ആലപ്പുഴ ജില്ലയിലെ മുതുകുളം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ മുതുകുളം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-09-2019 മുതൽ 30-09-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 19 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| രാജീവ് ആർ | ഡെപ്യൂട്ടി ഡയറക്ടർ | 01-12-2021 | 17-12-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 01-12-2021 | 17-12-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. സാബു പി, ഓഡിറ്റ് ഓഫീസർ
ശ്രീമതി. ബീന എ. ഡി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.ശ്രീദേവി ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.ലേഖ പി.കെ,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ജെ. ദാസൻ | പ്രസിഡന്റ് | 01-04-2020 | 31-10-2020 |
| കെ.വി ജ്യോതിപ്രഭ | പ്രസിഡന്റ് | 05-12-2020 | 31-03-2021 |
| ലത എൽ | സെക്രട്ടറി | 01-04-2020 | 27-10-2020 |
| ബിജു കെ | സെക്രട്ടറി | 28-10-2020 | 22-02-2021 |
| ബീനമോൾ ജെ | സെക്രട്ടറി | 22-02-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീരമ്യ | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ.വിനയകുമാർ | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| സുമ ബി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 30-10-2020 |
| നിള എം | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 12-11-2020 | 31-03-2021 |
| ഡോ.തനൂജ | മെഡിക്കൽ ഓഫീസർ(സി.എച്ച്.സി) | 01-04-2020 | 31-03-2021 |
| ഡോ.രജിത ശേഖർ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2020 | 18-02-2021 |
| ഡോ.അജിത്ത് കുമാർ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 18-02-2021 | 31-03-2021 |
| ഡോ.സുനിൽ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2020 | 31-03-2021 |
| ഷഫീക്ക് എ | അസിസ്റ്റന്റ് എൻജിനീയർ | 01-04-2020 | 19-06-2020 |
| ജയരാജ് വി.കെ (ചാർജ്ജ്) | അസിസ്റ്റന്റ് എൻജിനീയർ | 20-06-2020 | 13-08-2020 |
| ശ്രീരേഖ സി | അസിസ്റ്റന്റ് എൻജിനീയർ | 14-08-2020 | 03-03-2021 |
| ജയരാജ് വി.കെ (ചാർജ്ജ്) | അസിസ്റ്റന്റ് എൻജിനീയർ | 04-03-2021 | 09-03-2021 |
| ലിജി ബി | അസിസ്റ്റന്റ് എൻജിനീയർ | 10-03-2021 | 31-03-2021 |
| കിരൺ കെ വി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| അപ്പൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-05-2020 |
| ഒഴിവ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-06-2020 | 31-12-2020 |

| | | | |
|---|---|---|---|
| ഗീത.എസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-01-2021 | 31-03-2021 |
| ഓമന | ഹെഡ്മിസ്ട്രസ്, ഗവ.എൽ.പി.എസ്. | 01-04-2020 | 31-03-2021 |
| റാണി എസ് നായർ (ചാർജ്ജ്) | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-11-2020 | 11-11-2020 |

അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി 01-11-2020 മുതൽ 04-12-2020 വരെ

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sreedevi.R (Senior Grade Auditor, On 11-12-2021)<br>Last Updated By: Rajeev R (Deputy Director, On 03-03-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Sreedevi.R (Senior Grade Auditor, On 11-12-2021)<br>Last Updated By: Sreedevi.R (Senior Grade Auditor, On 11-12-2021) | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക-അപാകതകൾ<br>Written By: Sreedevi.R (Senior Grade Auditor, On 19-12-2021)<br>Last Updated By: Rajeev R (Deputy Director, On 03-03-2022) | 1-2-1 |
| 4 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയതിന്റെ വിവരം<br>Written By: Sreedevi.R (Senior Grade Auditor, On 11-12-2021)<br>Last Updated By: Rajeev R (Deputy Director, On 03-03-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം(എ.സി.ആർ പ്രകാരം)<br>Written By: Sreedevi.R (Senior Grade Auditor, On 11-12-2021)<br>Last Updated By: Sreedevi.R (Senior Grade Auditor, On 11-12-2021) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Sreedevi.R (Senior Grade Auditor, On 11-12-2021)<br>Last Updated By: Rajeev R (Deputy Director, On 03-03-2022) | 1-5 |
| 7 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Sreedevi.R (Senior Grade Auditor, On 11-12-2021)<br>Last Updated By: Rajeev R (Deputy Director, On 03-03-2022) | 1-6 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: Sreedevi.R (Senior Grade Auditor, On 11-12-2021)<br>Last Updated By: Rajeev R (Deputy Director, On 03-03-2022) | 1-7 |
| 9 | ക്ഷേമ പദ്ധതികൾ<br>Written By: Sreedevi.R (Senior Grade Auditor, On 11-12-2021)<br>Last Updated By: Rajeev R (Deputy Director, On 03-03-2022) | 1-8 |
| 10 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Sreedevi.R (Senior Grade Auditor, On 11-12-2021)<br>Last Updated By: Rajeev R (Deputy Director, On 03-03-2022) | 1-9 |
| 11 | ആഭ്യന്തരനിയന്ത്രണം<br>Written By: P.Sabu (Audit Officer (HG), On 17-12-2021)<br>Last Updated By: Rajeev R (Deputy Director, On 03-03-2022) | 1-10 |
| 12 | തനതുവരുമാന അക്കൗണ്ടിൽ നിന്ന് ഇൻകം ടാക്സ്,കളക്ഷൻചാർജ് എന്നിവ ഈടാക്കുന്നു<br>Written By: Lekha (Auditor, On 17-12-2021)<br>Last Updated By: Rajeev R (Deputy Director, On 03-03-2022) | 1-11 |
| 13 | വസ്തുനികുതി നിർണ്ണയത്തിൽ ആവശ്യമായവർദ്ധനവ് നൽകിയില്ല<br>Written By: Lekha (Auditor, On 17-12-2021)<br>Last Updated By: Rajeev R (Deputy Director, On 03-03-2022) | 1-12 |
| 14 | ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു<br>Written By: Lekha (Auditor, On 17-12-2021)<br>Last Updated By: Rajeev R (Deputy Director, On 08-03-2022) | 1-13 |
| 15 | കുടുംബശ്രീ നിലവിലില്ല<br>Written By: A.D.Beena (Asst. Audit Officer, On 19-12-2021)<br>Last Updated By: Rajeev R (Deputy Director, On 03-03-2022) | 1-14 |
| 16 | പ്രൊക്യൂർമെന്റ് കമ്മിറ്റി -കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല<br>Written By: A.D.Beena (Asst. Audit Officer, On 19-12-2021)<br>Last Updated By: Rajeev R (Deputy Director, On 03-03-2022) | 1-15 |
| 17 | തെരുവുവിളക്ക് മെയിന്റനൻസ് - എൽ.ഇ.ഡി.ബൾബുകളുടെ | 1-16 |

| | | |
|---|---|---|
| | വിതരണവിവരമില്ല<br>Written By: A.D.Beena (Asst. Audit Officer, On 19-12-2021)<br>Last Updated By: Rajeev R (Deputy Director, On 03-03-2022) | |
| 18 | ലൈഫ് മിഷൻ - 2019-20 ൽ ആരംഭിച്ച പ്രവൃത്തി 20-21 ലും പൂർത്തീകരിച്ചില്ല<br>Written By: A.D.Beena (Asst. Audit Officer, On 19-12-2021)<br>Last Updated By: Rajeev R (Deputy Director, On 03-03-2022) | 1-17 |
| 19 | കറവപശു പരിപാലനം- മിൽമയുടെ ബിൽ തുകയേക്കാൾ അധികം തുക അനുവദിച്ച് നൽകി<br>Written By: A.D.Beena (Asst. Audit Officer, On 19-12-2021)<br>Last Updated By: Rajeev R (Deputy Director, On 03-03-2022) | 1-18 |
| 20 | പെൻഷൻ അനുവദിക്കുന്നതിൽ കാലതാമസം<br>Written By: Lekha (Auditor, On 17-12-2021)<br>Last Updated By: Rajeev R (Deputy Director, On 08-03-2022) | 1-19 |
| 21 | ക്ഷേമ പെൻഷൻ യഥാസമയം സസ്പെൻഡ് ചെയ്യുന്നില്ല<br>Written By: Lekha (Auditor, On 17-12-2021)<br>Last Updated By: Rajeev R (Deputy Director, On 08-03-2022) | 1-20 |
| 22 | തുക മുൻകൂർ നൽകിയിട്ടും പാലിയേറ്റീവ് കെയർ പ്രോജക്ടിൽ മരുന്ന്/ഉപകരണങ്ങൾ പൂർണ്ണമായി ലഭ്യമാക്കിയിട്ടില്ല<br>Written By: Sreedevi.R (Senior Grade Auditor, On 17-12-2021)<br>Last Updated By: Rajeev R (Deputy Director, On 04-03-2022) | 1-21 |
| 23 | പഞ്ചായത്ത് ഓഫീസ് ഒന്നാം നില നിർമ്മാണം - ഗുണനിലവാരമില്ലാത്ത പ്രവൃത്തി മൂലം പാഴ് ചെലവ്<br>Written By: P.Sabu (Audit Officer (HG), On 17-12-2021)<br>Last Updated By: Rajeev R (Deputy Director, On 08-03-2022) | 1-22 |
| 24 | ഗ്രാവൽ ഫില്ലിംഗിന് കൺസോളിഡേഷൻ കുറവു ചെയ്തില്ല<br>Written By: P.Sabu (Audit Officer (HG), On 18-12-2021)<br>Last Updated By: Rajeev R (Deputy Director, On 08-03-2022) | 1-23 |
| 25 | കരാർ പ്രവൃത്തികളുടെ നിർവ്വഹണം-ടെണ്ടർ നടപടികളിൽ സുതാര്യതയില്ല - പഞ്ചായത്തിന് നഷ്ടമുണ്ടാകുന്നു<br>Written By: P.Sabu (Audit Officer (HG), On 17-12-2021)<br>Last Updated By: Rajeev R (Deputy Director, On 08-03-2022) | 1-24 |
| 26 | മരാമത്ത് പ്രവർത്തികളുടെ നിർവ്വഹണത്തിലെ അപാകതകൾ സംബന്ധിച്ച്<br>Written By: P.Sabu (Audit Officer (HG), On 17-12-2021)<br>Last Updated By: Rajeev R (Deputy Director, On 08-03-2022) | 1-25 |
| 27 | ആസ്തി രജിസ്റ്റർ അപൂർണ്ണം<br>Written By: P.Sabu (Audit Officer (HG), On 18-12-2021)<br>Last Updated By: Rajeev R (Deputy Director, On 04-03-2022) | 1-26 |
| 28 | ഓഡിറ്റ് ഇംപാക്ട്-സ്ഥാപന നികുതി ഈടാക്കി<br>Written By: Lekha (Auditor, On 18-12-2021)<br>Last Updated By: Rajeev R (Deputy Director, On 04-03-2022) | 1-27 |
| 29 | അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ<br>Written By: Sreedevi.R (Senior Grade Auditor, On 17-12-2021)<br>Last Updated By: Rajeev R (Deputy Director, On 04-03-2022) | 1-28 |
| 30 | ഫയലുകൾ പരിശോധനക്ക് ഹാജരാക്കിയില്ല-ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: A.D.Beena (Asst. Audit Officer, On 19-12-2021)<br>Last Updated By: Rajeev R (Deputy Director, On 04-03-2022) | 1-29 |
| 31 | സർക്കാർ നിർദ്ദേശ പ്രകാരമുള്ള പ്രോജക്ടുകൾ നടപ്പാക്കിയിട്ടില്ല<br>Written By: Sreedevi.R (Senior Grade Auditor, On 23-12-2021)<br>Last Updated By: Rajeev R (Deputy Director, On 04-03-2022) | 1-30 |
| | ഭാഗം **2** | |
| 1 | Written By: P.Sabu (Audit Officer (HG), On 23-12-2021) | |

| | | |
|---|---|---|
| | Last Updated By: Rajeev R (Deputy Director, On 08-03-2022) | |
| | ഭാഗം **3** | |
| 1 | ഗ്രാവൽ ഫില്ലിംഗിന് കൺസോളിഡേഷൻ കുറവു ചെയ്തില്ല<br>Written By: Sreedevi.R (Senior Grade Auditor, On 23-12-2021)<br>Last Updated By: Rajeev R (Deputy Director, On 08-03-2022) | 3-1 |
| | ഭാഗം **4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Sreedevi.R (Senior Grade Auditor, On 11-12-2021)<br>Last Updated By: Rajeev R (Deputy Director, On 08-03-2022) | 4-1 |
| 2 | ഡെപ്പോസിറ്റ് പ്രവർത്തികൾക്കായി നിക്ഷേപിച്ച തുകകളുടെ വിശദാംശം<br>Written By: Sreedevi.R (Senior Grade Auditor, On 11-12-2021)<br>Last Updated By: Rajeev R (Deputy Director, On 04-03-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Sreedevi.R (Senior Grade Auditor, On 11-12-2021)<br>Last Updated By: Rajeev R (Deputy Director, On 04-03-2022) | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Sreedevi.R (Senior Grade Auditor, On 11-12-2021)<br>Last Updated By: Rajeev R (Deputy Director, On 04-03-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Sreedevi.R (Senior Grade Auditor, On 11-12-2021)<br>Last Updated By: Rajeev R (Deputy Director, On 04-03-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Sreedevi.R (Senior Grade Auditor, On 16-12-2021)<br>Last Updated By: Sreedevi.R (Senior Grade Auditor, On 23-12-2021) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Sreedevi.R (Senior Grade Auditor, On 11-12-2021)<br>Last Updated By: Rajeev R (Deputy Director, On 04-03-2022) | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Sreedevi.R (Senior Grade Auditor, On 11-12-2021)<br>Last Updated By: Sreedevi.R (Senior Grade Auditor, On 11-12-2021) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Lekha (Auditor, On 18-12-2021)<br>Last Updated By: Rajeev R (Deputy Director, On 04-03-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Sreedevi.R (Senior Grade Auditor, On 11-12-2021)<br>Last Updated By: Rajeev R (Deputy Director, On 08-03-2022) | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2020-21 വർഷത്തെ ബജറ്റ് 25.03.2020 തീയതിയിലെ 1/1 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 265011000 | 46000000 |
| വാർഷിക കണക്ക് പ്രകാരം (ഇൻകം & എക്സ്പെന്റിച്ചർ പത്രിക) | 143089342 | 142961493 |

### 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2019-20 | 31.07.2021 | 23.04.2021 |

### 1-2-1 വാർഷിക ധനകാര്യ പത്രിക-അപാകതകൾ

2020-21 ലെ വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1.വാർഷിക കണക്ക് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്,കളക്ഷൻ,ബാലൻസ് എന്നിവ സഞ്ജയ സോഫ്റ്റ്‌വെയറിൽ നിന്നുള്ള സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

2.വാറ്റ് തിരിച്ചടവ് ബാധ്യത 47373/- രൂപ മുൻവർഷവും തൻവർഷവും നീക്കിയിരിപ്പായി കാണിച്ചിരിക്കുന്നു. ജി.എസ്.ടി നടപ്പിലായ ശേഷവും ടി തുക ബാധ്യത നിലനിൽക്കുകയാണ്. തുക ബന്ധപ്പെട്ട ഹെഡിൽ ഒടുക്കുവരുത്തേണ്ടതാണ്.

4. ബാലൻസ് ഷീറ്റ് B-4 ഷഡ്യൂളിൽ Contribution For Other Specific Purposes (For Revenue Expenditure ) From District Panchayat എന്ന ഹെഡിൽ 3,05,000/- രൂപ നീക്കിയിരിപ്പായി കാണിച്ചിരിക്കുന്നു. 2012 ൽ സാംഖ്യയിലേക്ക് മാറിയപ്പോൾ ഓപ്പണിങ് ബാലൻസായി ഉണ്ടായിരുന്ന തുക ലയബിലിറ്റിയായി ഇപ്പോഴും അവശേഷിക്കുന്നു.

5. ആസ്തികളുടെ മൂല്യവർദ്ധനവ്, മൂല്യശോഷണം ഇവ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കാത്തതിനാൽ വാർഷിക കണക്കിൽ ഇവയുടെ കൃത്യത പരിശോധിക്കാനായില്ല.

6 2020-21 വർഷം ലോൺ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

### 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയതിന്റെ വിവരം

2020-21 വർഷത്തെ വാർഷിക ധനകാര്യ പത്രിക ഓഡിറ്റ് വേളയിൽ പരിശോധിച്ച് സാക്ഷ്യപത്രം അനുബന്ധമായി ചേർത്തിട്ടുണ്ട്.

### 1-4 ഫണ്ട് വിനിയോഗം(എ.സി.ആർ പ്രകാരം)

| ക്രമ നം. | ഫണ്ടിനം | സർക്കാർ ഉത്തരവ് പ്രകാരമുള്ള അലോട്ട്മെന്റ് | സോഴ്സ് ഡിഡക്ഷൻ | ചെലവ് RP-7 | സോഴ്സ് ഡിഡക്ഷൻ ഉൾപ്പെടെയുള്ള ചെലവ് | ലാപ്സായ തുക |
|---|---|---|---|---|---|---|
| 1 | വികസനഫണ്ട്-പൊതുവിഭാഗം | 13213497 | 3407251 | 9802067 | 13209318 | 4179 |
| 2 | വികസനഫണ്ട്-എസ്.സി.പി | 4978000 | 205098 | 1880167 | 2085265 | 2892735 |
| 3 | വികസനഫണ്ട്-ടി.എസ്.പി | 114000 | - | 5000 | 5000 | 109000 |
| 4 | സംരക്ഷണ ഗ്രാന്റ് -റോഡ് | 7613000 | - | 6831846 | 6831846 | 781154 |
| 5 | സംരക്ഷണഗ്രാന്റ് -നോൺ റോഡ് | 3456681 | - | 3374577 | 3374577 | 82104 |

| | | | | | | |
|---|---|---|---|---|---|---|
| 6 | ധനകാര്യകമ്മീഷൻ ഗ്രാന്റ്- Tied | 4740000 | - | 3320820 | 3320820 | 1419180 |
| | Untied | 9859224 | - | 6007783 | 6007783 | 3851441 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 95 | 105726614 | 85 | 44261369 | 0 | 10 | 42 |

## 1-6 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 13808642 |
| വരവ് | 62028718 |
| ആകെ | 75837360 |
| ചെലവ് | 62989346 |
| നീക്കിയിരിപ്പ് | 12848014 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 798071 | 1592870 | 2390941 | 2390941 | 0 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 46169832 | 46169832 | 46169832 | |
| ആകെ | 798071 | 47762702 | 48560773 | 48560773 | |

## 1-8 ക്ഷേമ പദ്ധതികൾ

സംസ്ഥാന സർക്കാരിന്റെ ക്ഷേമപദ്ധതികളുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 40080 | 57 |
| കർഷകതൊഴിലാളി പെൻഷൻ | 5257100 | 352 |
| വിധവാ പെൻഷൻ | 12140400 | 800 |
| വാർദ്ധക്യകാല പെൻഷൻ | 21341200 | 1473 |
| വികലാംഗ പെൻഷൻ | 4185800 | 268 |
| അവിവാഹിത പെൻഷൻ | 1022800 | 69 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 60000 | 2 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 01.12.2021 ന് പഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 9338/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം സംബന്ധിച്ച നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1. വാർഷികാവശ്യം പരിഗണിച്ച് വാങ്ങലുകൾ തിട്ടപ്പെടുത്തപ്പെടുന്നില്ല.

2.വാങ്ങലുകൾക്കായി അംഗീകൃത വെണ്ടർ ലിസ്റ്റ് തയ്യാറാക്കപ്പെടുന്നില്ല.

3.തെരുവ് വിളക്കുകളുടെ വാങ്ങൽ വിവരങ്ങളും വിതരണ വിവരങ്ങളും സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. തെരുവുവിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തിയിട്ടില്ല. പരാതി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും പരാതികൾ രേഖപ്പെടുത്തിയിട്ടില്ല. തെരുവുവിളക്കുകളുടെ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ പൂർണ്ണമല്ല.

4. കമ്പ്യൂട്ടർ, ഫർണിച്ചർ സ്റ്റേഷനറീസ് എന്നിവയുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. തന്മൂലം വാർഷിക സ്റ്റോക്ക് ബാലൻസ് ഓഫീസ് മേധാവി പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടുണ്ടോ എന്നതും ഓരോ ഇനത്തിലുള്ള ആകെ സ്റ്റോക്ക് വിവരം, വാർഷിക സ്റ്റോക്ക് എന്നിവയും പരിശോധിച്ച് ഉറപ്പാക്കുവാൻ കഴിഞ്ഞിട്ടില്ല.

5.ആസ്തി രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല. ആർജ്ജിക്കുന്ന ആസ്തികൾ യഥാസമയം രജിസ്റ്ററിൽ ചേർക്കപ്പെടുന്നില്ല.

6.തൻവർഷം നടപ്പിലാക്കിയ പദ്ധതികളുടെയൊന്നും തന്നെ മോണിട്ടറിംഗ് തയ്യാറാക്കി ഫയലിൽ സൂക്ഷിച്ചിട്ടില്ല.

7.തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുവാനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടില്ല.

8. വായ്പാ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

9. വിവിധ വാങ്ങലുകൾ സംബന്ധിച്ച് പ്രൊക്യൂർമെന്റ് കമ്മിറ്റി മിനിറ്റ്സിൽ 2020-21 വർഷം യാതൊന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല.

10. വിവിധ സ്കീമുകളിൽപ്പെടുത്തി പഞ്ചായത്തിൽ നിരവധി ഗുണഭോക്താക്കൾക്ക് ഗാർഹിക കണക്ഷൻ നൽകിയിട്ടുണ്ടെങ്കിലും വാട്ടർ ടാപ്പുകളുടെ എണ്ണം കുറവ് ചെയ്യുന്നതിന് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല.

11. പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള KL-29-C-2345 എന്ന മഹീന്ദ്ര ജീപ്പിന്റെ ലോഗ് ബുക്ക് പരിശോധിച്ചതിൽ വാഹനത്തിന്റെ ഇന്ധന ക്ഷമത നടത്തിയിട്ടില്ല എന്ന് കണ്ടു. മാസാന്ത്യ സംക്ഷിപ്തവും രേഖപ്പെടുത്തുന്നില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസന - ക്ഷേമകാര്യ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-11 തനതുവരുമാന അക്കൗണ്ടിൽ നിന്ന് ഇൻകം ടാക്സ്,കളക്ഷൻചാർജ് എന്നിവ ഈടാക്കുന്നു

പഞ്ചായത്തിന്റെ തനതുവരുമാനം സൂക്ഷിക്കുന്ന കേരളഗ്രാമീൺ ബാങ്ക് അക്കൗണ്ടിൽനിന്നും (അക്കൗണ്ട് നം-40643101031672) 27.4.2021ൽ 25943/-രൂപ ഇൻകം ടാക്സ് (194 N TAX) ഇനത്തിൽ ബാങ്ക് കുറവ് ചെയ്തിരിക്കുന്നു. കൂടാതെ എല്ലാമാസവും കളക്ഷൻചാർജിനത്തിലും തുക കുറവുചെയ്യുന്നുണ്ട്.

| ക്രമ നം. | തീയതി | തുക |
|---|---|---|
| 1 | 1.4.2020 | 178.5 |
| 2 | 3.5.2020 | 143.2 |
| 3 | 30.6.2020 | 107.9 |
| 4 | 31.7.2020 | 95.8 |

| | | |
|---|---|---|
| 6 | 30.9.2020 | 190.6 |
| 7 | 31.10.2020 | 119 |
| 8 | 30.11.2020 | 202.7 |
| 9 | 31.12.2020 | 202.7 |
| 10 | 30.1.2021 | 167.4 |
| 11 | 7.4.2021 | 119 |
| ആകെ | | 1526.8 |

1961 ലെ ആദായനികുതി നിയമത്തിലെ സെക്ഷൻ 10(20) പ്രകാരം തദ്ദേശസ്ഥാപനങ്ങളുടെ (ലോക്കൽ അതോറിറ്റിസ്) വരുമാനത്തിൽ നിന്നും ആദായനികുതി ഒഴിവാക്കിയിട്ടുണ്ട്. ആയതിനാൽ ഇൻകം ടാക്സ് ഇനത്തിലെ തുക തിരികെ ലഭിക്കുന്നതിനും കളക്ഷൻ ചാർജ് ഇനത്തിൽ തുക കുറവ് ചെയ്യുന്നത് ഒഴിവാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12 വസ്തുനികുതി നിർണ്ണയത്തിൽ ആവശ്യമായവർദ്ധനവ് നൽകിയില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സേവന ഉപനികുതിയും ചട്ടങ്ങളിലെ ചട്ടം 6 ലെ പട്ടിക 1 പ്രകാരം അടിസ്ഥാന വസ്തുനികുതിയിൽ അനുവദനീയമായ ഇളവുകളും വർദ്ധനവുകളും നൽകിയാണ് വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കേണ്ടത്. പഞ്ചായത്തിന്റെ നികുതി നിർണ്ണയ ഫയലുകളിലെ സൈറ്റ് പ്ലാനിലെ വിവരങ്ങളിൽ നിന്നും വ്യത്യസ്തമായി നികുതി നിർണ്ണയിച്ചിരിക്കുന്നതിന്റെ വിവരം താഴെ കൊടുക്കുന്നു.

| പേര്/വിലാസം | വിസ്തീർണ്ണം | നിർണ്ണയിച്ച നികുതി | നിർണ്ണയിക്കേണ്ട നികുതി |
|---|---|---|---|
| വിജയകുമാരി തുണ്ടത്തിൽ 2/240A | 157.52ച.മീ, വാസഗൃഹം | 157.52 @7 = 1102.6<br>10% ഇളവ്= 110<br>ആകെ നികുതി=993 | 157.52 @7=1102.6<br>10% ഇളവ്= 110<br>വഴിസൗകര്യം വർദ്ധനവ് -20%=220<br>ആകെ നികുതി=1213 |

മേൽ സൂചിപ്പിച്ച അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (12/20-21 തീയതി 9.12.21) നൽകിയതിന് മറുപടിയായി ആവശ്യമായ വർദ്ധനവ് നൽകി വസ്തുനികുതി പുനർനിർണ്ണയിച്ച് ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 1-13 ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

1994 ലെ പഞ്ചായത്ത് രാജ് (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) നിയമം, വകുപ്പ് 232 പ്രകാരം പഞ്ചായത്തിന്റെ ലൈസൻസ് കൂടാതെ ഒരു ആവശ്യത്തിനും സ്ഥലങ്ങൾ ഉപയോഗിക്കുവാൻ പാടില്ല. പ്രസ്തുത ചട്ടങ്ങളിലെ ചട്ടം 3 പട്ടിക 1 പ്രകാരം പാൽ സൊസൈറ്റികൾ (പട്ടിക ക്രമ നം -132), പഞ്ചായത്തിന്റെ ലൈസൻസ് എടുത്തുകൊണ്ട് പ്രവർത്തിക്കേണ്ടവയാണ്. പഞ്ചായത്തിലെ ലൈസൻസ് സംബന്ധിച്ച ഫയലുകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ 2020-21 സാമ്പത്തിക

വർഷത്തിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടില്ല.

1) മുരിങ്ങച്ചിറ ക്ഷീരോൽപ്പാദക സഹകരണസംഘം A 90D

2) ചൂളത്തെരുവ് ക്ഷീരോൽപ്പാദക സഹകരണ സംഘം, എ 80 ഡി,

3) മുതുകുളം ക്ഷീരോൽപ്പാദക സഹകരണ സംഘം, എ 82 ഡി

4) മുതുകുളം സൗത്ത്ക്ഷീരോൽപ്പാദക സഹകരണ സംഘം, എ 75 ഡി

ലൈസൻസിന്റെ അഭാവത്തിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിന്മേൽ വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.15/20-21 തീയതി 15.12.21) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

1996 ലെ കേരള പഞ്ചായത്ത് രാജ് (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭകപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 232(1) 233(എ) അനുസരിച്ച് ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ കർശന നടപടി കൈക്കൊള്ളേണ്ടത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഉത്തരവാദിത്വമാണ്. മേൽ സ്ഥാപനങ്ങളെക്കൊണ്ട് ലൈസൻസ് എടുപ്പിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-14 കുടുംബശ്രീ നിലവിലില്ല

2019-20, 2020-21 സാമ്പത്തികവർഷങ്ങളിൽ അഗതി ആശ്രയ വിഭാഗത്തിൽ പ്രോജക്ടുകൾ ഒന്നുംതന്നെ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടില്ല. നിലവിൽ പഞ്ചായത്തിൽ കുടുംബശ്രീ പ്രവർത്തിക്കുന്നില്ല. കുടുംബശ്രീയുമായി ബന്ധപ്പെട്ടിട്ടുള്ള ബാങ്ക് അക്കൗണ്ടുകൾ റദ്ദ് ചെയ്തിരിക്കുകയുമാണ്. 12.12.2017 ലെ സ.ഉ (എം.എസ്) നം.252/2017/ ത.സ്വ.ഭ.വ ഖണ്ഡിക 3.4 പ്രകാരം അഗതി രഹിത കേരളം പദ്ധതിക്കായി ദേശസാൽകൃതബാങ്കിൽ സി.ഡി.എസ്. ചെയർപേഴ്സൺ- മെമ്പർസെക്രട്ടറി എന്നിവരുടെ സംയുക്തഅക്കൗണ്ടായി ഒരു പുതിയ അക്കൗണ്ട് ആരംഭിക്കേണ്ട താണ്. പ്രസ്തുത അക്കൗണ്ട് ആരംഭിച്ചിട്ടില്ല. 13-ാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ സ.ഉ (കൈ) നം.11/18/ത.സ്വ.ഭ.വ. തീയതി.29-01-18 ഖണ്ഡിക 5.2- ലെ അനിവാര്യ വകയിരുത്തലുകൾ പ്രകാരം അഗതിരഹിത കേരളം (ആശ്രയ) പദ്ധതിയ്ക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും കുടുംബശ്രീയും നിശ്ചിത വിഹിതം വകയിരുത്തി പദ്ധതികൾ തയ്യാറാക്കേണ്ടതാണ്. എന്നാൽ പഞ്ചായത്തിൽ ഇപ്രകാരം ആശ്രയ പദ്ധതിയ്ക്കായി തുക വകയിരുത്തിയിട്ടില്ലാത്തതിന്മേൽ വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 19 തീയതി.16.12.21), 2014-15 വർഷം വരെ കുടുംബശ്രീ പ്രവർത്തിച്ചിരുന്നുവെന്നും വിജിലൻസ് കേസ് നിലനിൽക്കുന്നതിനാലാണ് പ്രോജക്ടുകൾ ഒന്നും ഏറ്റെടുക്കാതിരുന്നതെന്നും മറുപടി ലഭ്യമാക്കി.

## 1-15 പ്രൊക്യൂർമെന്റ് കമ്മിറ്റി -കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 08-11-2010 ലെ ജി.ഒ (പി) നം. 259/2010- നമ്പർ ഉത്തരവിലാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ ഉത്തരവ് പ്രകാരം സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള സമാഹരണ ചക്രത്തിൽ (Procurement Cycle) ആവശ്യം തിരിച്ചറിയൽ മുതൽ വിലയിരുത്തലും കരാർ അവസാനിപ്പിക്കലും വരെയായി 15 ഘട്ടങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ ഉത്തരവ് പ്രകാരം സെക്രട്ടറി/നിർവ്വഹണ ഉദ്യോഗസ്ഥൻ നേതൃത്വം നൽകുന്ന ഒരു വാങ്ങൽ ടീം രൂപീകരിക്കേണ്ടതും വാങ്ങൽ പദ്ധതി തയ്യാറാക്കുന്നതിന്റെയും അന്തിമമാക്കുന്നതിന്റെയും പ്രധാന ചുമതല ടീം നിർവ്വഹിക്കേണ്ടതുമാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. വാങ്ങൽ പദ്ധതിയുടെ പാരിസ്ഥിതിക, അപായ ഘടകങ്ങൾ പരിശോധിക്കൽ, വിതരണക്കാരേയും സേവനദാതാക്കളേയും തിരിച്ചറിയൽ, ലഭ്യമാകുന്ന രേഖകളിൽ വ്യക്തത വരുത്തൽ, വിലയിരുത്തൽ തുടങ്ങി കരാർ അവസാനിപ്പിക്കൽ വരെയുള്ള നടപടികൾ ഈ ടീമിൽ നിക്ഷിപ്തമാണ്. പ്രൊക്യൂർമെന്റ് ടീമിനെ നയിക്കുന്നതിനായി പ്രസിഡന്റ് ചെയർപേഴ്സണും, വൈസ് പ്രസിഡന്റ് ഡെപ്യൂട്ടി ചെയർപേഴ്സണും, സെക്രട്ടറി കൺവീനറും, എല്ലാ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺമാരും, നിർവ്വഹണ ഉദ്യോഗസ്ഥരും സോഷ്യൽ ഓഡിറ്റ് കമ്മിറ്റിയിലെ രണ്ടു പേരും ഉൾപ്പെടുന്ന ഒരു കമ്മിറ്റി രൂപീകരിക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. രേഖകളുടെ വസ്തുതാപരമായ കൃത്യത സെക്രട്ടറിയോ, നിർവ്വഹണ ഉദ്യോഗസ്ഥനോ പരിശോധിച്ചതിന് ശേഷം പ്രൊക്യൂർമെന്റ് കമ്മിറ്റി മുൻപാകെ രേഖകൾ സമർപ്പിക്കേണ്ടതാണ്.

മുതുകുളം ഗ്രാമ പഞ്ചായത്തിന്റെ 2019-20 വർഷത്തെ പ്രൊക്യൂർമെന്റ് കമ്മിറ്റി മിനിട്ട്സ് പരിശോധിച്ചതിൽ തൻ വർഷം 18-10-19 തീയതിയിൽ മാത്രമാണ് പ്രൊക്യൂർമെന്റ് കമ്മിറ്റി കൂടിയിട്ടുള്ളത്. ഈ യോഗത്തിൽ വിവിധ പ്രോജക്ടുകളിലെ വാങ്ങലുകൾ സംബന്ധിച്ച ദർഘാസ്/ടെണ്ടർ ക്ഷണിക്കുന്നതിനും, വിവിധ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് ആവശ്യമായ സാമഗ്രികൾ വാങ്ങുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയും 8 തീരുമാനങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആയത് പ്രകാരം തൻവർഷം നടത്തിയ വിവിധ വാങ്ങലുകളിലായി വാങ്ങിയ ഉപകരണങ്ങളുടെ

ഉണമേന്മ ഉറപ്പു വരുത്തുന്നതിനായി കമ്മിറ്റി പിന്നീട് യോഗം ചേർന്നിട്ടില്ല. മിനിട്സ് രജിസ്റ്റർ പ്രകാരം പ്രൊക്യൂർമെന്റ് കമ്മിറ്റി 2020-21 സാമ്പത്തികവർഷം യോഗം ചേർന്നിട്ടില്ല. 2020-21 വർഷം പ്രൊക്യൂർമെന്റ് ടീം രൂപീകരിച്ചിട്ടുണ്ടെങ്കിൽ രേഖകൾ ഹാജരാക്കുന്നതിനും, പ്രൊക്യൂർമെന്റ് കമ്മിറ്റി, പ്രൊക്യൂർമെന്റ് ടീം എന്നിവയുടെ രൂപീകരണവുമായി ബന്ധപ്പെട്ട് സർക്കാർ ഉത്തരവിൽ നിർദ്ദേശിക്കുന്ന ഘടനയിൽ രൂപീകരിച്ചിട്ടില്ലെങ്കിൽ ആയതിന്റെ കാരണവും ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 21 തീയതി.16.12.21), മറുപടി ഹാജരാക്കിയില്ല. സർക്കാർ ഉത്തരവ് പാലിച്ച് കമ്മിറ്റി രൂപീകരിക്കുകയും, കമ്മിറ്റി തീരുമാനത്തോടെ വിവിധ വാങ്ങലുകൾ നടത്തുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

## 1-16 തെരുവുവിളക്ക് മെയിന്റനൻസ് - എൽ.ഇ.ഡി.ബൾബുകളുടെ വിതരണവിവരമില്ല

2020-21 സാമ്പത്തികവർഷം ധനകാര്യകമ്മീഷൻ അവാർഡിൽ നിന്നും 170000/-രൂപയും തനത് ഫണ്ടിൽ നിന്നും 55375/-രൂപയും ചേർത്ത് ആകെ അടങ്കൽ 225375/- രൂപ വകയിരുത്തി സെക്രട്ടറി നിർവ്വഹണം ചെയ്ത സ്പിൽ ഓവർ പ്രോജക്ടാണ് തെരുവ് വിളക്ക് മെയിന്റനൻസ് (പ്രോജക്ട് നം.S0020/21). പ്രോജക്ടിൽ ഉൾപ്പെടുത്തി 136500/- രൂപ ചെലവഴിച്ച് കൊല്ലം യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡിൽ നിന്നും 750 എൽ.ഇ.ഡി.ബൾബുകൾ 13.2.20 ലെ ഇൻവോയ്സ് നം.704 പ്രകാരം വാങ്ങിയതിന്റെ വിവരം ചുവടെ കൊടുക്കുന്നു.(ബിൽ റഫറൻസ് നം.20070952011100164493/11.4.20 തുക.136500/-)

| Item | Qty | Rate | Amount |
|---|---|---|---|
| LED BULB 14/15W | 750 | 162.50 | 121875 |
| CGST 6% | | | 7312.50 |
| SGST 6% | | | 7312.50 |
| TOTAL AMOUNT | | | 136500 |

മേൽ ഇൻവോയ്സ് പ്രകാരം വാങ്ങിയ എൽ.ഇ.ഡി.ബൾബുകൾ തെരുവുവിളക്കുകളുടെ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി *(ഓഡിറ്റ് എൻക്വയറി നം.17 തീയതി.16.12.21) നൽകിയതിനെ തുടർന്ന് ഇൻവോയ്സ് പ്രകാരമുള്ള വാങ്ങലുകളുടെ വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തി. എന്നാൽ അവയുടെ വിതരണം സംബന്ധിച്ച വിവരങ്ങൾ വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തിയില്ല. ആയതിനാൽ 136500/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.*

## 1-17 ലൈഫ് മിഷൻ - 2019-20 ൽ ആരംഭിച്ച പ്രവൃത്തി 20-21 ലും പൂർത്തീകരിച്ചില്ല

2020-21 സാമ്പത്തികവർഷം വി.ഇ.ഒ. മുതുകുളം സൗത്ത് നിർവ്വഹണം ചെയ്ത ലൈഫ് മിഷൻ പദ്ധതിക്ക് തുക വകയിരുത്തൽ എന്ന സ്പിൽ ഓവർ പ്രോജക്ടിന്റെ വിവരം താഴെ ചേർക്കുന്നു.

പ്രോജക്ട് നം -S0129/21 (സ്പിൽ ഓവർ)

വകയിരുത്തൽ

വികസനഫണ്ട് (പൊതുവിഭാഗം) - 8000/-

സംസ്ഥാനാവിഷ്കൃതഫണ്ട് -16600000/-

ബ്ളോക്ക്പഞ്ചായത്ത് വിഹിതം - 1700000/-

മറ്റുള്ളവ - 30457769/-

ആകെ അടങ്കൽ - 48765769/-

ചെലവ്

വികസനഫണ്ട്(പൊതുവിഭാഗം) - 8000/-

സംസ്ഥാനാവിഷ്കൃതഫണ്ട് -1820000/-

ബ്ളോക്ക്പഞ്ചായത്ത് വിഹിതം - 0/-

മറ്റുള്ളവ -920000/-

ആകെ ചെലവ് - 2748000/-

2019-20 സാമ്പത്തികവർഷം വി.ഇ.ഒ. മുതുകുളം സൗത്ത് നിർവ്വഹണം ചെയ്ത ലൈഫ് മിഷൻ പദ്ധതിക്ക് തുക വകയിരുത്തൽ എന്ന പ്രോജക്ട് (പ്രോജക്ട് നം.S0037/20) സ്പിൽ ഓവറായി നടപ്പിലാക്കിയതാണ് മേൽ പ്രോജക്ട്. പ്രവൃത്തി പൂർത്തീകരിക്കാത്തതിന് വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (4/3.12.21), നൽകിയ

മറുപടി പ്രകാരം, നിലവിൽ പ്രവൃത്തി പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളിൽ രവി എന്ന ഗുണഭോക്താവിന്റെ ഭവനനിർമ്മാണം ഒരു കോൺട്രാക്ടറെക്കൊണ്ട് ചെയ്തുകൊടുക്കാനായി പഞ്ചായത്ത് പ്രസിഡന്റ് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ബാക്കി ഗുണഭോക്താക്കളുടെ പ്രവൃത്തി പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നതായും മറുപടി ലഭ്യമാക്കി.

പ്രവൃത്തി പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര്,മേൽവിലാസം | കൈപ്പറ്റിയ തുക | പ്രത്തിയുടെ നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | ഓമന അമ്മ<br>തുണ്ടുതറതെക്കേതിൽ<br>വാർഡ്-5 | 240000 | മേൽക്കൂര വരെ പൂർത്തിയായി |
| 2 | രവി,പാണയിൽ,വാർഡ്-7 | 40000 | പ്രവൃത്തി ആരംഭിച്ചിട്ടില്ല |
| 3 | ഷൈനിമാത്യ<br>മേവിളവിൽ<br>വീട്,വാർഡ്-7 | 200000 | അടിത്തറ നിർമ്മാണം പൂർത്തിയായി. തുടർന്നുള്ള പ്രവൃത്തി ചെയ്തിട്ടില്ല. |

2019-20 സാമ്പത്തികവർഷം ആരംഭിച്ച് 2020-21 വർഷവും ഭവനനിർമ്മാണ പ്രവൃത്തി പൂർത്തീകരിക്കാത്ത ഓമന അമ്മ, ഷൈനിമാത്യ എന്നീ ഗുണഭോക്താക്കളുടെ പ്രവൃത്തിയുടെ ഓരോ ഘട്ടവും മോണിറ്ററിംഗ് കമ്മറ്റി പരിശോധന നടത്തി ഭവനനിർമ്മാണം പൂർത്തിയാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. 40000/- രൂപ കൈപ്പറ്റി നാളിതുവരെ പ്രവൃത്തി ആരംഭിക്കാത്ത രവി, പാണയിൽ, വാർഡ്-7 എന്ന ഗുണഭോക്താവിന്റെ ഭവനനിർമ്മാണം ആരംഭിക്കാത്തപക്ഷം ഗുണഭോക്താവിൽനിന്നും തുക പലിശസഹിതം തിരികെ ഈടാക്കേണ്ടതാണ്.

## 1-18 കറവപശു പരിപാലനം- മിൽമയുടെ ബിൽ തുകയേക്കാൾ അധികം തുക അനുവദിച്ച് നൽകി

2020-21 സാമ്പത്തിക വർഷം വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ പ്രോജക്ടാണ് കറവപശു പരിപാലനം. (പ്രോജക്ട് നം. 0046/21). ഫണ്ടിന്റെ വകയിരുത്തൽ ചുവടെ കൊടുക്കുന്നു.

വികസനഫണ്ട്(പൊതുവിഭാഗം) - 1056000/-

ഗുണഭോക്തൃവിഹിതം (സ്ഥാപനത്തിൽ അടവാക്കുന്നത്) - 1056000/-

ആകെ അടങ്കൽ - 2112000/-

സുലേഖ ചെലവ് പത്രിക പ്രകാരമുള്ള ചെലവ് വിവരം ചുവടെ കൊടുക്കുന്നു.

വികസനഫണ്ട്(പൊതുവിഭാഗം) - 1044800/-

ഗുണഭോക്തൃവിഹിതം (സ്ഥാപനത്തിൽ അടവാക്കുന്നത്) - 836800/-

ആകെ അടങ്കൽ - 1881600/-

മുരിങ്ങച്ചിറ, മുതുകുളം പാൽ സൊസൈറ്റികളിൽ പാൽ അളക്കുന്ന ക്ഷീരകർഷകർക്ക് കാലിത്തീറ്റ 50% സബ്സിഡി നിരക്കിൽ നൽകുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണിത്.

I)80 കർഷകർക്ക് 2020 നവംബർ മാസം 100 കിലോഗ്രാം വീതം കാലിത്തീറ്റ (160 ബാഗ്) വിതരണം ചെയ്ത ഇനത്തിൽ 212800/- രൂപ വീതം അനുവദിക്കണമെന്ന മുരിങ്ങച്ചിറ ക്ഷീരോൽപാദക സഹകരണസംഘം സെക്രട്ടറിയുടെയും മുതുകുളം ക്ഷീരോൽപാദക സഹകരണസംഘം സെക്രട്ടറിയുടെയും അപേക്ഷകളുണ്ട്. മിൽമയുടെ (Kerala Co-Operative Milk Marketing Federation Ltd,Cattle Feed Plant,Pattanakad) കാലിത്തീറ്റയുടെ ബില്ലിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| Party | Invoice No/date | Item | No Of Bag | MRP/bag | Unitprice/bag | GrandTotal |
|---|---|---|---|---|---|---|
| Muringachira Kvcs | 10664/ 6.11.20 | GomathiGold | 160 | 1330 | 1222 | 195520 |
| MuthukulamA82 | 10935/ 10.11.20 | GomathiGold | 160 | 1330 | 1222 | 195520 |
| | Total | | | | | 391040 |

തുക നൽകിയതിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | മുരിങ്ങച്ചിറസംഘം സെക്രട്ടറി | മുതുകുളംസംഘം സെക്രട്ടറി | ആകെ | ബിൽവിവരം | ഫണ്ട് |
|---|---|---|---|---|---|
| I | 106400 | 106400 | 212800 | ബിൽ നം.5/ 20-21/2.12.20 തുക.212800/- | വികസനഫണ്ട് |
| 2 | 106400 | 106400 | 212800 | ചെക്ക് നം2101321/3.12.20 | ഗുണഭോക്തൃവിഹിതം |

II)80 കർഷകർക്ക് 2020 ഡിസംബർ മാസം 100 കിലോഗ്രാം വീതം കാലിത്തീറ്റ (160 ബാഗ്) വിതരണം ചെയ്ത ഇനത്തിൽ 212800/- രൂപ വീതം അനുവദിക്കണമെന്ന മുരിങ്ങച്ചിറ ക്ഷീരോൽപാദക സഹകരണസംഘം സെക്രട്ടറിയുടെയും മുതുകുളം ക്ഷീരോൽപാദക സഹകരണസംഘം സെക്രട്ടറിയുടെയും അപേക്ഷകളുണ്ട്. മിൽമയുടെ (Kerala Co-Operative Milk Marketing Federation Ltd,Cattle Feed Plant,Pattanakad) കാലിത്തീറ്റയുടെ ബില്ലിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| Party | Invoice No/date | Item | No Of Bag | MRP/bag | Unitprice/bag | GrandTotal |
|---|---|---|---|---|---|---|
| Muringachira Kvcs | 11960/ 27.11.20 | GomathiGold | 160 | 1330 | 1222 | 195520 |
| MuthukulamA82 | 11962/ 27.11.20 | GomathiGold | 160 | 1330 | 1222 | 195520 |
| | Total | | | | | 391040 |

തുക നൽകിയതിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | മുരിങ്ങച്ചിറ സംഘം സെക്രട്ടറി | മുതുകുളം സംഘം സെക്രട്ടറി | ആകെ നൽകിയ തുക | ബിൽ വിവരം | ഫണ്ട് |
|---|---|---|---|---|---|
| I | 106400 | 106400 | 212800 | ബിൽ നം.6/20-21/ 29.12.21 തുക.212800/- | വികസനഫണ്ട് |
| 2 | 106400 | 106400 | 212800 | ചെക്ക് നം.1437315/ 23.12.20 | ഗുണഭോക്തൃവിഹിതം |

III)80 കർഷകർക്ക് 2021 ജനുവരി മാസം 100 കിലോഗ്രാം വീതം കാലിത്തീറ്റ (160 ബാഗ്) വിതരണം ചെയ്ത ഇനത്തിൽ 208000/- രൂപ വീതം അനുവദിക്കണമെന്ന മുരിങ്ങച്ചിറ ക്ഷീരോൽപാദക സഹകരണസംഘം സെക്രട്ടറിയുടെയും മുതുകുളം ക്ഷീരോൽപാദക സഹകരണസംഘം സെക്രട്ടറിയുടെയും അപേക്ഷകളുണ്ട്. മിൽമയുടെ (Kerala Co-Operative Milk Marketing Federation Ltd, Cattle Feed Plant,Pattanakad) കാലിത്തീറ്റയുടെ ബില്ലിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| Party | Invoice No/date | Item | No Of Bag | MRP/bag | Unitprice/bag | GrandTotal |
|---|---|---|---|---|---|---|
| Muringachira Kvcs | 13794/ 24.12.20 | GomathiGold | 160 | 1300 | 1192 | 190720 |
| MuthukulamA82 | 13950/ 28.12.20 | GomathiGold | 160 | 1300 | 1192 | 190720 |
| | Total | | | | | 381440 |

തുക നൽകിയതിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | മുരിങ്ങച്ചിറസംഘം സെക്രട്ടറി | മുതുകുളം സംഘം | ആകെ നൽകിയ | ബിൽ വിവരം | ഫണ്ട് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | സെക്രട്ടറി | തുക | | |
| I | 106400 | 106400 | 208000 | ബിൽ നം.8/20-21/ 14.1.21 തുക.208000/- | വികസനഫണ്ട് |
| 2 | 104000 | 104000 | 208000 | ചെക്ക് നം.1437318/ 16.1.21 തുക.208000/- | ഗുണഭോക്തൃവിഹിതം |

IV)80 കർഷകർക്ക് 2021 ഫെബ്രുവരി മാസം 100 കിലോഗ്രാം വീതം കാലിത്തീറ്റ (160 ബാഗ്) വിതരണം ചെയ്ത ഇനത്തിൽ 208000/- രൂപ വീതം അനുവദിക്കണമെന്ന മുരിങ്ങച്ചിറ ക്ഷീരോൽപാദക സഹകരണസംഘം സെക്രട്ടറിയുടെയും മുതുകുളം ക്ഷീരോൽപാദക സഹകരണസംഘം സെക്രട്ടറിയുടെയും അപേക്ഷകളുണ്ട്. മിൽമയുടെ (Kerala Co-Operative Milk Marketing Federation Ltd,Cattle Feed Plant,Pattanakad) കാലിത്തീറ്റയുടെ വില സംബന്ധിച്ച വിവരം ചുവടെ കൊടുക്കുന്നു.

| Party | Invoice No/date | Item | No Of Bag | MRP/bag | Unitprice/bag | GrandTotal |
|---|---|---|---|---|---|---|
| Muringachira Kvcs | 15499/ 21.1.21 | GomathiGold | 160 | 1300 | 1192 | 190720 |
| MuthukulamA82 | 15496/ 21.1.21 | GomathiGold | 160 | 1300 | 1192 | 190720 |
| | Total | | | | | 381440 |

തുക നൽകിയതിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | മുരിങ്ങച്ചിറസംഘം സെക്രട്ടറി | മുതുകുളം സംഘം സെക്രട്ടറി | ആകെ നൽകിയ തുക | ബിൽ വിവരം | ഫണ്ട് |
|---|---|---|---|---|---|
| I | 106400 | 106400 | 208000 | ബിൽ നം.9/20-21 /9.2.21 തുക.208000/- | വികസനഫണ്ട് |
| 2 | 106400 | 106400 | 208000 | ചെക്ക് നം2101323/19.1.21 തുക.208000/- | ഗുണഭോക്തൃവിഹിതം |

V)80 കർഷകർക്ക് 2021 മാർച്ച് മാസം 100 കിലോഗ്രാം വീതം കാലിത്തീറ്റ (160 ബാഗ്) വിതരണം ചെയ്ത ഇനത്തിൽ 203200/- രൂപ വീതം അനുവദിക്കണമെന്ന മുരിങ്ങച്ചിറ ക്ഷീരോൽപാദക സഹകരണസംഘം സെക്രട്ടറിയുടെയും മുതുകുളം ക്ഷീരോൽപാദക സഹകരണസംഘം സെക്രട്ടറിയുടെയും അപേക്ഷകളുണ്ട്. മിൽമയുടെ (Kerala Co-Operative Milk Marketing Federation Ltd,Cattle Feed Plant,Pattanakad) കാലിത്തീറ്റയുടെ ബില്ലിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| Party | Invoice No./date | Item | No Of Bag | MRP/bag | Unitprice/bag | GrandTotal |
|---|---|---|---|---|---|---|
| Muringachira Kvcs | 16739/ 16.2.21 | GomathiGold | 160 | 1270 | 1162 | 185920 |
| MuthukulamA82 | 16756/ 17.2.21 | GomathiGold | 160 | 1270 | 1162 | 185920 |
| Total | | | | | | 371840 |

തുക നൽകിയതിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | മുരിങ്ങച്ചിറസംഘം സെക്രട്ടറി | മുതുകുളം സംഘം | ആകെ നൽകിയ | ബിൽ വിവരം | ഫണ്ട് |
|---|---|---|---|---|---|

| | | സെക്രട്ടറി | തുക | | |
|---|---|---|---|---|---|
| I | 101600 | 101600 | 203200 | ബിൽ നം.11/20-21/ 31.3.21 തുക.203200/- | വികസനഫണ്ട് |
| 2 | 101600 | 101600 | 203200 | ചെക്ക് നം.143732/ 20.3.21 തുക.203200/- | ഗുണഭോക്തൃവിഹിതം |

മിൽമ ബിൽപ്രകാരമുള്ള തുകയും മുരിങ്ങച്ചിറ, മുതുകുളം സംഘം സെക്രട്ടറിമാരുടെ അപേക്ഷ പ്രകാരമുള്ള തുകയും സെക്രട്ടറിമാർക്ക് നൽകിയ തുകയും താഴെ ചേർക്കുന്നു.

| ക്രമ നം. | ബിൽ പ്രകാരമുള്ള തുക | സെക്രട്ടറിമാരുടെ അപേക്ഷ പ്രകാരമുള്ള തുക | നൽകിയ തുക | അധികം നൽകിയ തുക |
|---|---|---|---|---|
| I | 391040 | 425600 | 425600 | 34560 |
| II | 391040 | 425600 | 425600 | 34560 |
| III | 391040 | 425600 | 425600 | 34560 |
| IV | 391040 | 425600 | 425600 | 34560 |
| V | 371840 | 406400 | 406400 | 34560 |
| ആകെ | 1936000 | 2108800 | 2108800 | 172800 |

സംഘം സെക്രട്ടറിമാർക്ക് നൽകിയ തുകയുടെ വിവരത്തിന്റെ സംക്ഷിപ്തം ചുവടെ കൊടുക്കുന്നു.

| സെക്രട്ടറിമാരുടെ അപേക്ഷ പ്രകാരം ക്രമ നം. I മുതൽ V വരെ കാലിത്തീറ്റയുടെ വില | നൽകിയ തുക | |
|---|---|---|
| | വികസനഫണ്ട് | ഗുണഭോക്തൃവിഹിതം |
| 2108800 | 1044800 | 1044800 |

പ്രോജക്ട് നടപ്പാക്കിയതിലെ അപാകതകൾ ചുവടെ കൊടുക്കുന്നു.

1)സുലേഖ ചെലവ് പത്രിക പ്രകാരം ഗുണഭോക്തൃവിഹിതം ചെലവ് രേഖപ്പെടുത്തിയിരിക്കുന്നത് 836800/- രൂപയാണ്. എന്നാൽ 2020-21 സാമ്പത്തികവർഷം 1044800/-രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. ചെലവ് പത്രികയിലെ വ്യത്യാസം ക്രമീകരിക്കേണ്ടതാണ്.

2)മിൽമ ബില്ലുകൾ പ്രകാരം 2020-21 സാമ്പത്തികവർഷം കാലിത്തീറ്റയുടെ വില 1936000/-രൂപയാണ്. എന്നാൽ മുരിങ്ങച്ചിറ, മുതുകുളം ക്ഷീരോൽപാദക സഹകരണസംഘം സെക്രട്ടറിമാരുടെ അപേക്ഷകൾ പ്രകാരം 2108800/-രൂപ അനുവദിച്ച് നൽകി. 172800/- രൂപ അധികം നൽകിയതിന് വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.16 തീയതി. 15.12.21), മിൽമയിൽ നിന്നുള്ള ബില്ലിലെ എം.ആർ.പി. നിരക്കിൽ ക്ഷീരസംഘത്തിന് തുക നൽകാമെന്ന് സീനിയർ വെറ്ററിനറി സർജനും മുരിങ്ങച്ചിറ ക്ഷീരസംഘം സെക്രട്ടറിയുമായി കരാർ ചമച്ചതിന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിച്ച് നൽകിയതെന്ന് മറുപടി നൽകി. എന്നാൽ മുതുകുളം ക്ഷീരസംഘം സെക്രട്ടറിയുമായി കരാർ ചമച്ചിട്ടുമില്ല. മിൽമയ്ക്ക് യൂണിറ്റ് പ്രൈസ് അടിസ്ഥാനത്തിൽ തുക നൽകേണ്ടപ്പോൾ ഗുണഭോക്താക്കളിൽ നിന്നും എം.ആർ.പി.നിരക്കിലുള്ള തുക ഗുണഭോക്തൃവിഹിതം ഈടാക്കുന്നത് ശരിയായ പ്രവണതയല്ല. ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-19 പെൻഷൻ അനുവദിക്കുന്നതിൽ കാലതാമസം

സമൂഹത്തിന്റെ താഴെ തട്ടിൽ ജീവിക്കുന്ന വ്യക്തികൾക്ക് തങ്ങളുടെ ജീവിതം മുന്നോട്ട് നയിക്കുവാൻ സർക്കാർ നൽകുന്ന സഹായമാണ് സാമൂഹ്യ സുരക്ഷാ പെൻഷൻ. പെൻഷൻ അപേക്ഷ ലഭിച്ച് 40 ദിവസത്തിനകം തീരുമാനമെടുത്ത് അപേക്ഷകനെ അറിയിക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിലെ പെൻഷൻ രജിസ്റ്ററുകൾ പരിശോധിച്ചതിൽ 2020-21 സാമ്പത്തിക വർഷത്തിൽ താഴെകൊടുത്തിരിക്കുന്ന വ്യക്തികൾക്ക് പെൻഷൻ അനുവദിക്കുന്നതിൽ കാലതാമസം വരുത്തിയിട്ടുള്ളതായി കാണുന്നു.

| ക്രമ നം. | പേര് | അപേക്ഷനം./ ലഭിച്ച തീയതി | പെൻഷൻ അനുവദിച്ച തീയതി | പെൻഷൻ തരം |
|---|---|---|---|---|
| 1 | ശാന്തമ്മ,കിഴക്കേത്തയ്യിൽ | 1750/25.4.2020 | 22.10.2020 | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ |
| 2 | സുധാമണി,വാഴപ്പള്ളി | 1795/5.5.2020 | 22.10.2020 | ,, |
| 3 | ആസാദ്, കുന്നേൽതരയിൽ | 1797/5.5.52020 | 22.10.2020 | ,, |
| 4 | ഉഷ, ഐരൂർ | 1798/5.5.2020 | 22.10.2020 | ,, |
| 5 | ഗോപിനാഥൻ, പത്മവലിയിൽ | 1799/5.5.2020 | 22.10.2020 | ,, |

പെൻഷൻ അനുവദിക്കുന്നതിൽ നിശ്ചിത സമയപരിധി പാലിച്ചിട്ടില്ല. പെൻഷൻ യഥാസമയം അനുവദിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-20 ക്ഷേമ പെൻഷൻ യഥാസമയം സസ്പെൻഡ് ചെയ്യുന്നില്ല

പഞ്ചായത്തിലെ മരണ റിപ്പോർട്ട്, ഡി.ബി.റ്റി.വിവരങ്ങൾ എന്നിവ പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്നവരുടെ മരണശേഷം നാളിതുവരെ പെൻഷൻ സസ്പെൻഡ് ചെയ്യാത്തതിനാൽ ബാങ്ക് അക്കൗണ്ടിലേക്ക് തുക നൽകി വരുന്നു.

| ക്രമ നം. | പേര് | മരിച്ച തീയതി/ റിപ്പോർട്ട് തീയതി | പെൻഷൻ ഐഡി/തരം | ആധാർ നമ്പർ | ബാങ്ക് അക്കൗണ്ട് നം. | നൽകിയ തുക | റിമാർക്ക്സ് |
|---|---|---|---|---|---|---|---|
| 1 | ശാന്ത, ആലപ്പാട്ടു കിഴക്കതിൽ | 17.6.2020/ 17.7.2020 | 104950200879 ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 397284398454 | 024800101021036 കോർപ്പറേഷൻ ബാങ്ക് | 7/20 മുതൽ 11/2021 വരെ 25500/- രൂപ | |
| 2 | വിജയൻ.എൻ, കലക്കാട്ടു കിഴക്കതിൽ | 9.11.2020/ 30.11.2020 | 104950200351, ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യ കാല | 828337313165 | 024802101000958 കോർപ്പറേഷൻ ബാങ്ക് | - | 12/2020ൽ അക്കൗണ്ട് ക്ളോസ് ചെയ്തിട്ടുണ്ട് |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | പെൻഷൻ | | | | |
| 3 | സരസമ്മ.കെ, കിഴക്കന മ്പോഴിൽ | 15.1.2021/ 11.2.2021 | 104950200729 | 359308727079 | 40643101021028 ഗ്രാമീൺബാങ്ക് | 15800/- രൂപ | |
| 4 | സീത, മനപ്പള്ളി കിഴക്കേതിൽ | 26.2.2021 /10.3.2021 | 104950200038 | 711240783847 | 40643101021028 ഗ്രാമീൺ ബാങ്ക് | 14300/- രൂപ | |
| 5 | കമലാക്ഷിയമ്മ, കൊരണ്ടിപ്പള്ളിൽ | 25.6.2020 /3.9.2020 | 104950200024 | 587014578330 | 024800101022510 കോർപ്പറേഷൻ ബാങ്ക് | 26300/- രൂപ | |
| | ആകെ | | | | | 81900/- | |

ഡിബിടി വിവരങ്ങൾ പ്രകാരം മേൽ പട്ടികയിൽ ക്രമനമ്പർ (2) ആയി ചേർത്തിട്ടുള്ള വിജയൻ.എൻ എന്ന വ്യക്തിയുടെ ബാങ്ക് അക്കൗണ്ട് 12/2020ൽ ക്ലോസ് ചെയ്തിട്ടുണ്ട്. പെൻഷൻ സസ്പെൻഡ് ചെയ്യാത്തതിനാൽ 11/2021 വരെ ബാങ്കിന് കൈമാറുന്ന തുക കേരള ബാങ്കിലെ പെൻഷൻ അക്കൗണ്ടിലേക്കതന്നെയാണോ ട്രാൻസ്ഫർചെയ്യുന്നത് എന്ന് ഉറപ്പാക്കേണ്ടതാണ്.

3)ഗുണഭോക്താക്കൾ മരണപ്പെട്ടതിനുശേഷം തൊട്ടടുത്ത മാസങ്ങളിൽതന്നെ പെൻഷൻ സസ്പെൻഡ് ചെയ്യേണ്ടതാണ്. എന്നാൽ പഞ്ചായത്തിന്റെ ഡിബിറ്റി വിവരങ്ങൾ പ്രകാരം പെൻഷൻ സസ്പെൻഡ് ചെയ്യുന്നതിൽ വളരെയധികം കാലതാമസമുള്ളതായി കാണുന്നു. ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പേര് | പെൻഷൻ ഐഡി | മരിച്ച തീയതി | സസ്പെൻഡ് ചെയ്യുത തീയതി | കോ-ഓപ്പറേറ്റീവ് സൊസൈറ്റികളിലേക്ക് നൽകിയ തുക |
|---|---|---|---|---|---|
| 1 | പത്മാവതിയമ്മ, ചക്കിലിചേപ്പാട് | 104950200163 ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 23.3.2020 | 3.11.2021 | 28600 |
| 2 | കുമാരി,ശാന്താലയം | 104950200291,, | 30.3.2020 | ,, | 29200 |
| 3 | ജാനകിയമ്മ,മണ്ണൂർ | 104950200167,, | 1.8.2020 | ,, | 21700 |
| 4 | ഭവാനി,എടശ്ശേരിച്ചിറ | 104950100506,, | 20.8.2020 | ,, | 15700 |
| 5 | സുകുമാരകൈമൾ,സുരേഷ് ഭവനം | 104950100995,, | 30.8.2020 | ,, | 21300 |
| 6 | കമലാക്ഷിയമ്മ,കേശവഭവനം | 104950200090,, | 21.9.2020 | 3.11.2021 | 8400 |

| | | | | | |
|---|---|---|---|---|---|
| 7 | കുട്ടി,പുലമൂട്ടിൽത്തറ | 104950100093,, | 31.5.2020 | ,, | 26900 |
| 8 | തങ്കമ്മ,ചാപ്രയിൽ | 104950100121,, | 6.10.2020 | ,, | 19900 |
| 9 | സുകുമാരി,<br>കല്ലുത്തറവടക്കതിൽ | 104950101045,, | 17.9.2020 | ,, | 11700 |
| 11 | അമ്മിണി,കന്നേൽ | 104950600547,, | 24.10.2020 | ,, | 15700 |
| 11 | ദിവാകരൻ,<br>പുളിമൂട്ടിൽ തറയിൽ | 104950100399,, | 17.11.2020 | ,, | 17500 |
| 12 | ദാമോദരൻ,താനോണിൽ | 104950200063,, | 30.11.2020 | ,, | 18700 |
| 13 | നളിനി,ഇടയിലവീട്ടിൽ<br>കണ്ടത്തിൽ | 104950200911,, | 1.11.2020 | ,, | 7800 |
| 14 | ശിവരാമൻ,കാവുമ്പറമ്പിൽ | 104950201573,, | 1.12.2020 | ,, | 18500 |
| 15 | കുട്ടി.കെ, പാലാഴിയിൽ | 104950100237,, | 26.10.20 | ,, | 19900 |
| 16 | വിശ്വനാഥൻ,<br>പുത്തൻപുരയിൽ | 104950201500,, | 22.12.2020 | ,, | 17100 |
| 17 | സരോജിനിയമ്മ,കൃഷ്ണ ഭവനം | 104950201170,, | 31.12.2021 | ,, | 11600 |
| 18 | കമലാക്ഷിയമ്മ, കൊറ്റക്കാട്ടു | 104950200068,, | 25.12.2020 | ,, | 17200 |
| 19 | ഭവാനിയമ്മ,<br>എടത്തിട്ടതെക്കേതിൽ | 104950100317,, | 26.12.2020 | ,, | 17100 |
| 20 | നാരായണി, മംഗലശ്ശേരിൽ | 104950100502,, | 28.12.2020 | ,, | 17100 |
| 21 | പങ്കജാക്ഷിയമ്മ, മണിഭവനം | 104950100717,, | 11.1.2021 | ,, | 15700 |
| 22 | രാഘവൻ.എൻ,<br>പുതുമംഗലത്ത് | 104950201805,, | 24.1.2021 | ,, | 15700 |
| 23 | വാമാക്ഷി,കാട്ടിത്തറയിൽ | 104950100203,, | 11.1.2021 | ,, | 15700 |
| | ആകെ | | | | 408700 |

സഹകരണ ബാങ്കിന് കൈമാറിയിരിക്കുന്ന തുകകൾ കേരള ബാങ്കിലേക്ക് തിരിച്ചടയ്ക്കുന്നുണ്ടോ എന്ന വിവരം ലഭ്യമല്ല. ഗുണഭോക്താവിന്റെ പേര്, പെൻഷൻ അനർഹമായി കൈപ്പറ്റിയ കാലയളവ്, കൈപ്പറ്റിയ തുക, തിരിച്ചടച്ച തുക എന്നിവയുടെ വിവരം ഓഡിറ്റിൽ അറിയിച്ചിട്ടില്ല. മേൽ സൂചിപ്പിച്ച അപാകതകൾ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം.21/20-21 തീയതി 16.12.2021) നൽകിയതിന് മറുപടി ലഭ്യമായില്ല.

നാളിതുവരെ സസ്പെൻഡ് ചെയ്യാത്തവരുടെ പെൻഷൻ സസ്പെൻഡ് ചെയ്യേണ്ടതും അനന്തരാവകാശികൾ കൈപ്പറ്റിയ 81900/- രൂപ തിരികെ ഈടാക്കി സർക്കാരിലേക്ക് മുതൽക്കൂട്ടി അറിയിക്കേണ്ടതുമാണ്.

മരണപ്പെട്ടവരെയും അനർഹരെയും സമയബന്ധിതമായി പെൻഷൻ ഡാറ്റാ ബേസിൽ നിന്നും ഒഴിവാക്കാതിരിക്കുന്നത് വഴി ഗ്രാമപഞ്ചായത്ത് സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടാക്കുന്നുണ്ട്. സർക്കുലർ നം. എസ്.എഫ്.സി.ബി 2/53/2020 ധന.തീയതി 23.09.2020 പ്രകാരം പുനർവിവാഹം/മരണം എന്നിവ ബോധ്യപ്പെട്ടാൽ സേവനയിൽനിന്നും ടിയാളെ സമയബന്ധിതമായി ഒഴിവാക്കേണ്ടത് സെക്രട്ടറിയുടെയും പെൻഷൻ സെക്ഷന്റെ ചുമതലയുള്ള ഉദ്യോഗസ്ഥരുടെയും ചുമതലയാണ്. പഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത മരണങ്ങളിൽ സേവന പെൻഷൻ ഗുണഭോക്താവ് ഉൾപ്പെടുന്നുണ്ടോയെന്ന് പരിശോധിച്ച് ഉണ്ടെങ്കിൽ സമയബന്ധിതമായി സേവന ഡേറ്റാബേസിൽ നിന്നും ടിയാളെ ഒഴിവാക്കേണ്ടതാണ്. ആയതിന് സർക്കാർ ഉത്തരവ് (എം.എസ്) നം.97/2020 ധന.തീയതി 23.9.2020 ലെ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കേണ്ടതാണ്. പെൻഷൻ വിതരണം നടത്തുന്ന സഹകരണ സ്ഥാപനങ്ങളിൽ നിന്നും ഓരോ പെൻഷൻ വിതരണത്തിനുശേഷവും മരണപ്പെട്ടവരുടെ വിവരം ശേഖരിച്ച് അന്വേഷണത്തിനുശേഷം അത്തരക്കാരെ പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കേണ്ടതാണ്.

മരണപ്പെട്ടവരുടെ വിവരങ്ങൾ അങ്കണവാടി/ആശ വർക്കർ എന്നിവർ മുഖാന്തിരം ശേഖരിച്ച് അതാത് മാസം പെൻഷൻ ഡേറ്റാബേസിൽ നിന്നും ഒഴിവാക്കേണ്ടത് സെക്രട്ടറിയുടെ ഉത്തരവാദിത്തമാണ്.

- പെൻഷൻ ഗുണഭോക്താവ് മരണപ്പെട്ടശേഷം അനന്തരവകാശികൾ പെൻഷൻ തുക കൈപ്പറ്റുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ തുക അനന്തരവകാശികളിൽ നിന്ന് തിരിച്ചുപിടിച്ച് സർക്കാരിൽ മുതൽക്കൂട്ടേണ്ട താണ്.

## 1-21 തുക മുൻകൂർ നൽകിയിട്ടും പാലിയേറ്റീവ് കെയർ പ്രോജക്ടിൽ മരുന്ന്/ഉപകരണങ്ങൾ പൂർണ്ണമായി ലഭ്യമാക്കിയിട്ടില്ല

മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. നടപ്പാക്കിയ പാലിയേറ്റീവ് കെയർ പ്രോജക്ടുകളിൽ മരുന്ന്/ ഉപകരണങ്ങൾ വാങ്ങുന്നതിന് കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് തുക മുൻകൂർ നൽകിയിട്ടുണ്ട്. എന്നാൽ മരുന്ന്/ഉപകരണങ്ങൾ പൂർണ്ണമായി ലഭ്യമായിട്ടില്ല. വിശദാംശം ചുവടെ.

| പ്രോജക്ട് നം. | നൽകിയ തുക/ ബിൽനം./തീയതി | ലഭിച്ച മരുന്നുകളുടെ വില/ഇൻവോ യ്സ് നം./തീയതി. | ലഭിക്കാനുള്ള മരുന്നുകളുടെ വില. |
|---|---|---|---|
| S0001/21 അടങ്കൽ-687360 (വികസനഫണ്ട്) ചെലവ് - 620852 | 195817/- 11/26.08.2020 | 10593/-രൂപ 8400/03.11.2021 | 148227/- |
| | | 17543/-രൂപ- 8395/3.11.2021 | |
| | | 19454/-രൂപ 8911/14.11.2021 | |
| | | 47590 | |
| | 125396/- 15/12.02.2021 | 50305/- രൂപ- 6/01.04.2021 | 75091 |
| S0103/21 അടങ്കൽ-132380 (വികസനഫണ്ട്) | 73130/- 03/15.06.2020 | 28147/-രൂപ 44163/11.03.2021 | 44983 |

| | | | |
|---|---|---|---|
| ചെലവ് - 132380 | | | |
| ആകെ | 394343 | 126042 | 268301 |

മരുന്ന്/ഉപകരണങ്ങൾ ലഭ്യമാകാത്തത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (നം.13/15.12.2021) മരുന്നുകളും ഉപകരണങ്ങളും പൂർണ്ണമായും ലഭിച്ചിട്ടില്ല എന്നും ടി വിവരം സൂചിപ്പിച്ച് മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് കത്ത് നൽകിയിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കി. മരുന്നുകളും ഉപകരണങ്ങളും പൂർണ്ണമായും ലഭ്യമാകുന്നത് വരെ 268301/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-22 പഞ്ചായത്ത് ഓഫീസ് ഒന്നാം നില നിർമ്മാണം - ഗുണനിലവാരമില്ലാത്ത പ്രവൃത്തി മൂലം പാഴ് ചെലവ്

കരാറുകാരൻ - മധുസൂദനൻ

എഗ്രിമെന്റ് നം. - 26/AE/LSGD/MKLM/18-19 Dt.06-02-19

MB No.- 577

ചെലവ് വിവരം - 312778/- രൂപ, ബിൽ നം. 01/20-21 Dt. 08-05-20 (ഒന്നാം പാർട്ട് ബിൽ)

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പഞ്ചായത്ത് ഓഫീസ് ഒന്നാം നില നിർമ്മാണം എന്ന പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ കാണപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. എസ്റ്റിമേറ്റിലെ ഒന്നാം ഇനമായി 145.71 $M^2$ അളവിൽ 300x300 Mm കനമുള്ള IS 15622- 1st ക്വാളിറ്റി ടൈൽ ഇടുക എന്നതായിരുന്ന പ്രവൃത്തി. എന്നാൽ ഈ പ്രവൃത്തി ഗുണനിലവാരമില്ലാത്ത ടൈൽ കൊണ്ട് നിർവ്വഹിച്ചയായി നിർവ്വഹണ ഉദ്യോഗസ്ഥനും പഞ്ചായത്ത് കമ്മിറ്റിക്കും ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ നിലവാരമില്ലാത്ത ഈ പ്രവൃത്തി കരാറുകാരന്റെ ചെലവിൽ പൊളിച്ച് കളഞ്ഞ് പുതിയത് സ്ഥാപിക്കണ മെന്നാവശ്യപ്പെട്ട് 14-08-19 ൽ കരാറുകാരന് നൽകിയ കത്തിന്റെ കോപ്പി ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ ഭൌതിക പരിശോധനയിൽ നിലവാരമില്ലാത്ത ടൈലുകൾ വിരിച്ചിട്ടുള്ളത് ഇപ്പോഴും അങ്ങനെ തന്നെ അവശേഷിക്കുന്നതായി കണ്ടു.

2. കരാറുകാരന്റെ നഷ്ടോത്തരവാദിത്തത്തിൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് പിന്നീട് നടപടികൾ ഒന്നും തന്നെ സ്വീകരിച്ചിട്ടില്ല.

3. പ്രവൃത്തി പൂർത്തീകരിക്കാതിരുന്ന കരാറുകാരന്റെ പേരിലുള്ള ഇഎംഡി, സെക്യൂരിറ്റി ഡെപ്പോസിറ്റ്,റി-ടെൻഷൻ എന്നിവ മുതൽക്കൂട്ടുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല.

4. ഈ പ്രവൃത്തി മറ്റ് കരാറുകാരെക്കൊണ്ട് പൂർത്തീകരിക്കുന്നതിന് തുടർ വർഷങ്ങളിൽ നടപടി സ്വീകരിച്ചതായി കാണുന്നില്ല.

5. പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരനെതിരെ കരാർവ്യവസ്ഥകൾ പ്രകാരം നിയമ നടപടികൾ സ്വീകരിച്ചിട്ടില്ല.

6. ഈ പ്രവൃത്തിയുടെ ഇനം 2 ആയി 148.638 $M^2$ അളവിൽ പിവിസി ഷീറ്റ് ഉപയോഗിച്ച് ഫാൾസ് സീലിംഗ് നടത്തിയിട്ടുണ്ട്. ആയതിന് എം$^2$ ന് 682.38 രൂപ നിരക്കിൽ 101427/- രൂപ മൂല്യം നിർണ്ണയിച്ച് പാർട്ട് ബില്ലിൽ ഉൾപ്പെടുത്തി നൽകിയിട്ടുണ്ട്. എന്നാൽ ഭൌതിക പരിശോധനയിൽ ഇപ്രകാരം സീലിംഗ് നടത്തിയ ഹാളിന്റെ പല ഭാഗങ്ങളും അടർന്ന് തൂങ്ങി നാശോന്മുഖമായ അവസ്ഥയിലാണ് കണ്ടത്. ആയതിന്റെ ചിത്രങ്ങൾ ചുവടെ ചേർക്കുന്നു.




മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി-19/19-20) മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ പ്രവൃത്തി കരാറുകാരന്റെ നഷ്ടോത്തരവാദിത്തത്തിൽ പൂർത്തീകരിക്കേണ്ടതും, കരാറുകാരനെതിരെ കരാർ പ്രകാരമുള്ള നിയമ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-23 ഗ്രാവൽ ഫില്ലിംഗിന് കൺസോളിഡേഷൻ കുറവു ചെയ്തില്ല

മുതുകുളം ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20 വർഷം ആരംഭിച്ച്

2020-21 വർഷം സ്പിൽ ഓവറായി പൂർത്തിയാക്കിയ ചുവടെ ചേർത്തിട്ടുള്ള റോഡു നിർമ്മാണ പ്രവർത്തിയിൽ ഗ്രാനുലാർ സബ്ബ് ബേസ് നിർമ്മാണത്തിനായി ഗ്രാവൽ ഉപയോഗിച്ച് ഫില്ലിംഗ് നടത്തിയിട്ടുണ്ട്. അളവുപുസ്തകത്തിൽ പ്രീ-മെഷർമെന്റ് ആയി അളവുരേഖപ്പെടുത്തിയിട്ടുള്ള ഈ പ്രവർത്തിക്ക്, ആകെ അളവിൽ നിന്നും, കൺസോളിഡേഷൻ ഇനത്തിൽ 10%കുറവു ചെയ്യാതെ മുഴുവൻ അളവിനും തുക അനുവദിച്ചതു മൂലം കരാറുകാരന് അധികം തുക നൽകുവാനിടയായിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

2-ാം വാർഡിൽ വരിക്കോലിൽ - ഞവരക്കൽ ജംഗ്ഷൻ റോഡ് ഫില്ലിംഗ്

പ്രോജക്ട് നം.എസ്സ്.ഒ28/20

അടങ്കൽ-440000/-

കരാറുകാരൻ- വിജയൻ

MB.No-622/19

ബിൽ നം., തീയതി, തുക- 38/19-20, 25/05/2020., 233816/-

അളവു പുസ്തകം പ്രകാരം ആകെ ഉപയോഗിച്ച ഗ്രാവലിന്റെ അളവ്- 54.58$m^3$

10% കുറവു ചെയ്തതിന് ശേഷം അനുവദനീയമായ അളവ് - 49.13$m^3$

M3ന് 1515.20 രൂപ നിരക്കിൽ 54.58 $M^3$ ന് നൽകിയത് - 82699/-

അനുവദനീയമായത് - 49.13$m^3$ X 1515.20 = 74441/-

അധികം നൽകിയത് = 82699 - 74441 = 8258/-രൂപ

മേൽ സൂചിപ്പിച്ച പ്രകാരം കൺസോളിഡേഷൻ കുറവു ചെയ്യാതെ കരാറുകാർക്ക് മുഴവൻ തുകയും നൽകിയത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (7/19-20) മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ തുക കരാറുകാരനിൽ നിന്നും ഈടാക്കി അടയ്ക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

## 1-24 കരാർ പ്രവൃത്തികളുടെ നിർവ്വഹണം-ടെണ്ടർ നടപടികളിൽ സുതാര്യതയില്ല - പഞ്ചായത്തിന് നഷ്ടമുണ്ടാകുന്നു

അസിസ്റ്റന്റ് എൻജിനീയർ 2019-20, 2020-21 എന്നീ വർഷങ്ങളിൽ നടപ്പിലാക്കിയ വിവിധ മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ ടി കാലയളവിൽ നിർവ്വഹിച്ച മരാമത്ത് പ്രവർത്തികളിൽ ഏറിയ പങ്കും ടെണ്ടറും, റീടെണ്ടറും നടത്തിയിട്ടും ഏറ്റെടുക്കാൻ ആളില്ലാതെ അവസാനം ക്വട്ടേഷനിലൂടെയാണ് നിർവ്വഹിച്ചിട്ടുള്ളതെന്ന് കണ്ടു. പദ്ധതികളുടെ ടെണ്ടർ / റീ-ടെണ്ടർ നടപടികളുമായി ബന്ധപ്പെട്ട വിവരങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി-10/19-20) മറുപടിയായി അസിസ്റ്റന്റ് എൻജിനീയർ ലഭ്യമാക്കിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ടെണ്ടർ നടത്തിയ പ്രവർത്തികളുടെ എണ്ണം / അംഗീകരിച്ച പ്രവൃത്തികളുടെ എണ്ണം. | റീ-ടെണ്ടർ നടത്തിയ പ്രവർത്തികളുടെ എണ്ണം / അംഗീകരിച്ച പ്രവൃത്തികളുടെ എണ്ണം | ക്വട്ടേഷൻ വിളിച്ച പ്രവർത്തികളുടെ എണ്ണം./അംഗീകരിച്ച പ്രവൃത്തികളുടെ എണ്ണം |
|---|---|---|---|
| 2019-20 | 21 / 1 | 20 / 1 | 19 /19 |
| 2020-21 | 16 / 0 | 16 / 2 | 14 /14 |

മേൽ കണക്കുകൾ പരിശോധിച്ചാൽ ആദ്യ ടെണ്ടറിലും റീ-ടെണ്ടറിലും ഒന്നോ രണ്ടോ ടെണ്ടറുകൾ മാത്രമാണ് അംഗീകരിച്ചിട്ടുള്ളതെന്ന് കാണാം. ബാക്കിയുള്ള എല്ലാ പ്രവൃത്തികളും ക്വട്ടേഷനിലൂടെ എസ്റ്റിമേറ്റ് നിരക്കിലാണ് നിർവ്വഹിച്ചിട്ടുള്ളത്. ഇതിൽ നിന്നും പഞ്ചായത്തിൽ നിർവ്വഹിക്കപ്പെടുന്ന മരാമത്ത് പ്രവർത്തികളിൽ മത്സര സ്വഭാവം ഇല്ലായെന്ന് വ്യക്തമാണ്. മത്സര സ്വഭാവമുള്ള ടെണ്ടറുകൾ സമർപ്പിക്കുന്നതിൽ നിന്നും കരാറുകാർ മന:പൂർവ്വം വിട്ടുനിൽക്കുകയും, അതിലൂടെ പ്രവൃത്തികൾ ക്വട്ടേഷനിലൂടെ നിർവ്വഹിക്കുവാൻ നിർവ്വഹണ ഉദ്യോഗസ്ഥനെ നിർബന്ധിതരാക്കുകയും ചെയ്യുക എന്ന സാഹചര്യം സൃഷ്ടിക്കപ്പെടുകയും, ആത്യന്തികമായി പഞ്ചായത്തിന് നഷ്ടമുണ്ടാകുകയും ചെയ്യുന്നതിലേക്ക് ഇത് നയിക്കുന്നു എന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു. വ്യാപക പരസ്യം നൽകി

നടത്തുന്ന ഇ-ടെണ്ടറിംഗിൽ പോലും കരാറുകാർ പങ്കെടുക്കുന്നില്ലായെന്നത് ഇതിന് തെളിവാണ്. മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ കാണുന്ന ഒട്ടും ആശാസ്യകരമല്ലാത്ത ഈ പ്രവണത പഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു. ടെണ്ടറിംഗിലും, ഇ-ടെണ്ടറിംഗിലും നിന്നും കരാറുകാർ ഒന്നടങ്കം വിട്ടുനിന്ന് പഞ്ചായത്തിന് നഷ്ടമുണ്ടാക്കുന്ന സാഹചര്യത്തിൽ ഇ – ടെണ്ടറിംഗ് പരമാവധി പ്രോത്സാഹിപ്പിക്കുകയും, അതിന്റെയടിസ്ഥാനത്തിൽ നിർവ്വഹണം ഏറ്റെടുക്കുന്ന കരാറുകാർക്ക് പ്രവൃത്തിയുടെ സുഗമമായ നിർവ്വഹണത്തിനാവശ്യമായ സാഹചര്യം ഉണ്ടാക്കി നൽകേണ്ടതുമാണ്.

## 1-25 മരാമത്ത് പ്രവർത്തികളുടെ നിർവ്വഹണത്തിലെ അപാകതകൾ സംബന്ധിച്ച്

2020-21 വർഷത്തെ മരാമത്ത് പ്രവർത്തികളുടെ നിർവ്വഹണം സംബന്ധിച്ച ഫയലുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു.

1..1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ ചട്ടം 10 ഉപചട്ടം 9 പ്രകാരം ടെണ്ടർ തുറക്കുന്ന സമയത്ത് ഹാജരായ കരാറുകാരുടെ കയ്യൊപ്പ് ടെണ്ടർ രജിസ്റ്ററിൽ വാങ്ങി സൂക്ഷിക്കേണ്ടതാണ്. എന്നാൽ ടെണ്ടർ രജിസ്റ്ററിൽ ടി നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.

2. 1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ ചട്ടം 10 ഉപചട്ടം 10 പ്രകാരം തുറന്ന ടെണ്ടറുകൾ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ ടാബുലേറ്റ് ചെയ്ത് പഞ്ചായത്ത് എൻജിനീയറുടെ അഭിപ്രായകുറിപ്പോടെ, ടെണ്ടർ സ്വീകരിക്കുന്നതിന് ക്ഷമതയുള്ള അധികാര സ്ഥാനത്തിന് സമർപ്പിക്കേണ്ടതാണ്. എന്നാൽ ഇവിടെ തൻവർഷം നിർവ്വഹണം നടത്തിയിട്ടുള്ള ഒരു പ്രവൃത്തിയിലും, ടാബുലേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

3. തൻവർഷം ആർജ്ജിച്ച എല്ലാ ആസ്തികളെയും ഉൾപ്പെടുത്തി ആസ്തി റജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

4.ഓരോ തദ്ദേശഭരണ സ്ഥാപനവും റോഡ് കണക്റ്റിവിറ്റി മാപ്പും റോഡ് കണക്റ്റിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണം എന്ന പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിച്ചല്ല റോഡ് നിർമ്മാണ പ്രവർത്തികൾ നിർവ്വഹിച്ചിട്ടുള്ളത്.

മേൽ അപാകതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (18/2020-21) ലഭ്യമാക്കിയ മറുപടിയിൽ ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്നും, 2021-22 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടെന്നും, മറ്റ് അപാകതകൾ ഭാവിയിൽ ഒഴിവാക്കുന്നതാണെന്നുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. മേൽ അപാകതകൾ ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

## 1-26 ആസ്തി രജിസ്റ്റർ അപൂർണ്ണം

ഗ്രാമ പഞ്ചായത്തിൽ ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിച്ചിട്ടുള്ള ആസ്തി രജിസ്റ്റർ പരിശോധിച്ചതിൽ കാണപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.-

1.വിവരങ്ങൾ അപൂർണ്ണം -

റോഡുകളുടെ വിവരങ്ങൾ ഏറെക്കുറെ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും 2019-20, 2020-21 വർഷങ്ങളിൽ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി നിർമ്മിച്ചിട്ടുള്ള കോൺക്രീറ്റ് റോഡുകളുടെ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. കുടിവെള്ള പദ്ധതികളുടെ വിവരം രേഖപ്പെടുത്തിയിട്ടുള്ളിടത്ത്, സർവ്വെ.നം., വില്ലേജ് വിവരങ്ങൾ, സ്ഥിതി ചെയ്യുന്ന വാർഡ് എന്നീ വിവരങ്ങളും രേഖപ്പെടുത്തിയിട്ടില്ല. പൈപ്പ് ലൈൻ സ്ഥാപിച്ചതിന്റെ വിവരങ്ങൾ രേഖപ്പെടുത്തി യിട്ടുള്ളതിൽ സ്ഥാപിച്ച സ്ഥലം, സ്ഥാപിച്ച പൈപ്പിന്റെ നീളം എന്നിവയല്ലാതെ രജിസ്റ്ററിലെ മറ്റു കോളങ്ങളിൽ യാതൊന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല. ജലസേചന പദ്ധതികളുടെ വിവരങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നതിൽ ലൊക്കേഷൻ, തരം എന്നിവ മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഏരിയ, വാർഡ്, നിർമ്മാണ ചെലവ് തുടങ്ങിയ വിവരങ്ങൾ ഒന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല. കൾവർട്ട്, പാലങ്ങൾ എന്നിവ സംബന്ധിച്ച് മിക്കവയിലും നിർമ്മാണ വർഷം, നിർമ്മാണ ചെലവ് എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

ഓഡിറ്റ് വർഷം നിരവധി ടാർ റോഡുകളും, കോൺക്രീറ്റ് റോഡുകളും നിർമ്മിച്ചിട്ടുണ്ടെങ്കിലും അവയുടെ വിവരങ്ങൾ ഇതിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല.

2.ആധികാരികമാക്കിയിട്ടില്ല-

ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിച്ചിട്ടുള്ള ആസ്തി രജിസ്റ്ററിൽ അധികാരപ്പെട്ട ഉദ്യോഗസ്ഥരാരും തന്നെ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

മേൽ വിഷയങ്ങളിൽ മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക്(07/2020-21) ലഭ്യമാക്കിയ

മറുപടിയിൽ 2021-22 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്ട് വെച്ചിട്ടുള്ളതാണെന്നും, ആസ്തികൾ ഡിജിറ്റലൈസ് ചെയ്ത് അപ്ഡേറ്റ് ചെയ്യുന്നതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. മറുപടിയിൽ രേഖപ്പെടുത്തിയിട്ടുള്ളതു പോലെ പഞ്ചായത്തിന്റെ ആസ്തികൾ അന്യാധീനപ്പെട്ടു പോകാൻ ഇടവരാത്ത രീതിയിൽ ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിക്കേണ്ടതാണ്.

## 1-27 ഓഡിറ്റ് ഇംപാക്ട്-സ്ഥാപന നികുതി ഈടാക്കി

2020-21 സാമ്പത്തിക വർഷത്തിൽ സ്ഥാപന നികുതി ഈടാക്കാതിരുന്നത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം. 9/20-21 തീയതി 9.12.2021) നൽകിയതിനെ തുടർന്ന് ആകെ 2726/- രൂപ താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ഈടാക്കിയിട്ടുണ്ട്.

1) മാവേലി മെഡിക്കൽ സ്റ്റോർ മുതുകുളം രസീത് നം. -121010102811/13.12.2021-1363/-

2) സപ്ലൈകോ ശബരി സൂപ്പർമാർക്കറ്റ്, രസീത് നം.-121010102826/14.12.2021-1363/-

## 1-28 അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ

കെട്ടിടം - മുതുകുളം ഗ്രാമപഞ്ചായത്ത് പരിധിയിൽ 21 അങ്കണവാടികൾ പ്രവർത്തിയ്ക്കുന്നു. അതിൽ 13 എണ്ണത്തിന് മാത്രമാണ് സ്വന്തം കെട്ടിടം ഉള്ളത്. 7 എണ്ണം വാടക കെട്ടിടത്തിലും 1 എണ്ണം സ്കൂൾ കെട്ടിടത്തിലുമാണ് പ്രവർത്തിയ്ക്കുന്നത്.

കുടിവെള്ളം- എല്ലാ അങ്കണവാടികൾക്കും കുടിവെള്ള കണക്ഷൻ ഉണ്ട്.

ടോയ്‌ലെറ്റ്- എല്ലാ അങ്കണവാടികൾക്കും ശുചിമുറി സൗകര്യം ഉണ്ടെങ്കിലും ബേബി ഫ്രണ്ട്‌ലി ടോയ്‌ലെറ്റ് 5 എണ്ണത്തിന് മാത്രമാണ് ഉള്ളത്.

വൈദ്യുതി- എല്ലാ അങ്കണവാടികൾക്കും വൈദ്യുതി കണക്ഷൻ ഉണ്ട്.

ചുറ്റുമതിൽ- 11 അങ്കണവാടികൾക്ക് മാത്രമാണ് ചുറ്റുമതിൽ ഉള്ളത്.

ആഹാരസാധനങ്ങൾ സൂക്ഷിക്കുവാനുള്ള സൗകര്യം- എല്ലാ അങ്കണവാടികൾക്കും ആഹാരസാധനങ്ങൾ സൂക്ഷിക്കുവാനുള്ള സൗകര്യങ്ങൾ ഉണ്ട്.

ഫിറ്റ്നസ് സർട്ടിഫിക്കറ്റ്-

2020-21 വർഷം ഗ്രാമപഞ്ചായത്തിലെ അങ്കണവാടികളുടെ ഫിറ്റ്നെസ് അസിസ്റ്റന്റ് എഞ്ചിനീയർ പരിശോധിച്ച് ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല. ഫിറ്റ്നസ് ഇല്ലാത്ത കെട്ടിടത്തിൽ അങ്കണവാടികളുടെ പ്രവർത്തനം നടത്തുവാനുള്ള സാഹചര്യം ഉണ്ടാകരുത്. അങ്കണവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനും അവ പ്രവർത്തിക്കുന്ന കെട്ടിടവും പരിസരവും സുരക്ഷിതമാണെന്നുറപ്പ് വരുത്തുന്നതിനും വേണ്ട നടപടികൾ കൈക്കൊള്ളേണ്ടതാണ്. ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ഈ വിഷയത്തിൽ വേണ്ടത്ര ഗൗരവം പുലർത്തേണ്ടതാണ്. വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

അങ്കണവാടികൾക്ക് സ്വന്തമായി കെട്ടിടം ഇല്ലാത്തതും, ചുറ്റുമതിൽ, ബേബി ഫ്രണ്ട്‌ലി ടോയ്‌ലെറ്റ് തുടങ്ങിയ ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തതയും ഗൗരവമേറിയ വിഷയമാണ്. അങ്കണവാടി കെട്ടിടങ്ങളുടെ സംരക്ഷണം, മുതലായ പ്രവർത്തനങ്ങൾ നടത്തുന്നതിന് സർക്കാർ പുറപ്പെടുവിച്ച സർക്കുലർ നം. 3105/ ഡി.സി.2/2011/ത.സ്വ.ഭ.വ/22.03.2011 ലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കാവുന്ന താണ്. അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിൽ ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-29 ഫയലുകൾ പരിശോധനക്ക് ഹാജരാക്കിയില്ല-ചെലവ് തടസ്സപ്പെടുത്തുന്നു

വി.ഇ.ഒ മുതുകുളം സൗത്ത് 2020-21 സാമ്പത്തികവർഷം നിർവ്വഹണം ചെയ്ത താഴെ ചേർത്തിരിക്കുന്ന പ്രോജക്റ്റുകളും അവയുടെ അനുബന്ധ രേഖകളും പരിശോധനക്ക് ഹാജരാക്കിയില്ല.

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | വകയിരുത്തൽ | ചെലവ് (സുലേഖ ചെലവ് പത്രിക പ്രകാരം) |
|---|---|---|---|---|
| 1 | S0018/21(Spill Over) | ഭവനപുനരുദ്ധാരണം(എസ്.സി) | വികസനഫണ്ട്-670000 (എസ്.സി.പി) | വികസനഫണ്ട്-200000 (എസ്.സി.പി) |

| | | | | |
|---|---|---|---|---|
| 2 | S0019/21(Spill Over) | ക്ലീൻ മുതുകുളം (മാലിന്യസംസ്കരണവും ശുചിത്വവും) | വികസനഫണ്ട്-73800<br>ധ.ക.അവാർഡ്-369000<br>സംസ്ഥാന ഫണ്ട്-500000<br>മറ്റുള്ളവ – 98400<br>ആകെ അടങ്കൽ-1041200 | വികസനഫണ്ട്-73800<br>ധ.ക.അവാർഡ്-369000<br>സംസ്ഥാന ഫണ്ട്-442800<br>മറ്റുള്ളവ -49200<br>ആകെ ചെലവ്-934800 |
| 3 | S0049/21 | വീട് മെയിന്റനൻസ്-എസ്.സി (1ലക്ഷം വീതം) | വികസനഫണ്ട്-3000000<br>(എസ്.സി.പി) | വികസനഫണ്ട്-1300000<br>(എസ്.സി.പി) |
| 4 | S0070/21) | വീട് മെയിന്റനൻസ്(ജനറൽ) | വികസനഫണ്ട്-1200000 | വികസനഫണ്ട്-1200000 |
| 5 | S0130/21(Spill Over) | ഭവനപുനരുദ്ധാരണം(ജനറൽ) | വികസനഫണ്ട്-121900 | വികസനഫണ്ട്-120000 |
| 6 | S0152/21 | റിട്രോഫിറ്റിംഗ്-സെപ്റ്റിക് ടാങ്ക് | കേന്ദ്രാവി.ഫണ്ട്-600000 | കേന്ദ്രാവി.ഫണ്ട്-600000 |
| ആകെ ചെലവ് | | | | 43,54,800/- |

1997ലെ കേരള പഞ്ചായത്ത് രാജ് ആക്ട് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 12(2) പ്രകാരം ബന്ധപ്പെട്ട രേഖകളോ കണക്കുകളോ നൽകാൻ വീഴ്ച വരുത്തിയാൽ അത്തരം രേഖയോ കണക്കോ നിലവിലില്ല എന്ന് കരുതപ്പെടുന്നതും അതനുസരിച്ചുള്ള നിഗമനത്തിൽ എത്തുന്നതുമാണ്. പ്രോജക്ടും അനുബന്ധരേഖകളും ഓഡിറ്റിൽ ഹാജരാക്കണമെന്നാവശ്യപ്പെട്ട് 6.12.21 തീയതിയിൽ ഓഡിറ്റ് എൻക്വയറി നം. 6നൽകിയെങ്കിലും ഫയലുകൾ ഹാജരാക്കിയില്ല. ആയതിനാൽ 43,54,800/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-30 സർക്കാർ നിർദ്ദേശ പ്രകാരമുള്ള പ്രോജക്ടുകൾ നടപ്പാക്കിയിട്ടില്ല

സംസ്ഥാന സർക്കാർ നിർദ്ദേശപ്രകാരമുള്ള പ്രോജക്ടുകൾ പ്രാദേശിക സവിശേഷതകൾ ഉൾക്കൊണ്ട് കൊണ്ട് നടപ്പാക്കുന്നതിന് കാര്യക്ഷമമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

1.പന്ത്രണ്ടിന പരിപാടികൾ:

തദ്ദേശ ഭരണ സ്ഥാപനങ്ങൾ വാർഷിക പദ്ധതിയുടെ ഭാഗമായി 2020-21 വർഷം പന്ത്രണ്ട് ഇന പരിപാടികൾ നടപ്പാക്കേണ്ടതുണ്ട് (സ.ഉ(കൈ)45/2020/തസ്വഭവ, 6.3.20 പ്രകാരം) ഇവ പ്രകാരം, വിശപ്പ് രഹിത കേരളം-ജനകീയ ഹോട്ടൽ, വയോക്ലബ്ബുകൾ, ശുചിത്വകേരളം, പൊതുടോയ്‌ലറ്റുകളും ടേക്ക് എ ബ്രേക്ക് വിശ്രമകേന്ദ്രങ്ങളും, തോടുകളുടെ ശുചീകരണം, ഫലവൃക്ഷതൈകൾ നട്ട് പരിപാലിക്കൽ, ജൈവപച്ചക്കറി കൃഷി, ലോക്കൽ എംപ്ലോയ്മെന്റ് അഷ്വറൻസ് പ്രോഗ്രാം, പൊതു വിദ്യാഭ്യാസ യജ്ഞം, പാലിയേറ്റീവ് പരിചരണം, പട്ടികവിഭാഗങ്ങളുടെ വികസനം, ദുരന്ത മാനേജ്മെന്റ് പ്ലാനുകൾ എന്നിവ ഏറ്റെടുത്ത് നടപ്പാക്കേണ്ടതുണ്ട്. എന്നാൽ ജൈവപച്ചക്കറി കൃഷി, പാലിയേറ്റീവ് പരിചരണം, എന്നിവ ഓഡിറ്റ് വർഷം നടപ്പിലാക്കിയെങ്കിലും പന്ത്രണ്ട് ഇന പരിപാടിയിൽ ഉൾപ്പെട്ട പ്രോജക്ടുകളിൽ ഏറെയും ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയിട്ടില്ല എന്ന് കാണുന്നു.

2.സുഭിക്ഷകേരളം:

സുഭിക്ഷ കേരളം പ്രോജക്ടിൽ കൃഷി, ക്ഷീരവികസനം, മത്സ്യബന്ധനം മേഖലകളിൽ ബന്ധപ്പെട്ട വകുപ്പുകളുടെയും പ്രാദേശിക സർക്കാരുകളുടെയും നേതൃത്വത്തിൽ ഭക്ഷ്യോല്പാദന വർദ്ധനവിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യാൻ സംസ്ഥാന സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട് (സ.ഉ(കൈ)14/2020/ആ.സാ.വ, 18.5.20). എന്നാൽ സുഭിക്ഷ കേരളം പദ്ധതിയിലുൾപ്പെടുത്തി ഗ്രാമപഞ്ചായത്തിൽ പ്രോജക്ടുകളൊന്നും ആവിഷ്കരിച്ച് നടപ്പാക്കിയിട്ടില്ല.

കാർഷിക മേഖലയിൽ ഉല്പാദിപ്പിക്കപ്പെടുന്ന പച്ചക്കറികൾക്കും മറ്റ് കാർഷിക വിളകൾക്കും ന്യായമായ വില ഉറപ്പാക്കാനും വിപണനസൌകര്യം ഒരുക്കാനും തദ്ദേശഭരണ സ്ഥാപനങ്ങൾ ഇടപെടേണ്ടതാണെന്നുള്ള സർക്കാർ നിർദ്ദേശപ്രകാരം (സർക്കുലർ നം. ഡി.എ1/140/2020/3.8.20), ഗ്രാമപഞ്ചായത്ത് തലത്തിൽ വിപണന കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്.

സർക്കാർ നിർദ്ദേശപ്രകാരമുള്ള പ്രോജക്ടുകൾ, പ്രാദേശിക സവിശേഷതകളും ആവശ്യകതയും പരിഗണിച്ചുകൊണ്ട് നിർവ്വഹിക്കുന്നതിന് മുൻഗണന നല്കേണ്ടതാണ്.

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

—

ഇല്ല

## ഭാഗം -3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ഗ്രാവൽ ഫില്ലിംഗിന് കൺസോളിഡേഷൻ കുറവ് ചെയ്തില്ല

മുതുകുളം ഗ്രാമ പഞ്ചായത്തിൽ അസ്സി.എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20 വർഷം ആരംഭിച്ച് 2020-21 വർഷം സ്പിൽ ഓവറായി പൂർത്തിയാക്കിയ ചുവടെ ചേർത്തിട്ടുള്ള റോഡു നിർമ്മാണ പ്രവൃത്തിയിൽ ഗ്രാനുലാർ സബ്ബ് ബേസ് നിർമ്മാണത്തിനായി ഗ്രാവൽ ഉപയോഗിച്ച് ഫില്ലിംഗ് നടത്തിയിട്ടുണ്ട്. അളവുപുസ്തകത്തിൽ പ്രീ-മെഷർമെന്റ് ആയി അളവ് രേഖപ്പെടുത്തിയിട്ടുള്ള ഈ പ്രവൃത്തിക്ക്, ആകെ അളവിൽ നിന്നും, കൺസോളിഡേഷൻ ഇനത്തിൽ 10% കുറവ് ചെയ്യാതെ മുഴുവൻ അളവിനും തുക അനുവദിച്ചതു മൂലം കരാറുകാരന് അധികം തുക നൽകുവാനിടയായിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

2-ാം വാർഡിൽ വരിക്കോലിൽ - ഞവരക്കൽ ജംഗ്ഷൻ റോഡ് ഫില്ലിംഗ്-

പ്രോജക്ട് നം.എസ്സ്.ഒ28/20

അടങ്കൽ-440000/-

കരാറുകാരൻ- വിജയൻ

MB.No-622/19

ബിൽ നം., തീയതി,തുക- 38/19-20, 25/05/2020., 233816/-

അളവ് പുസ്തകം പ്രകാരം ആകെ ഉപയോഗിച്ച ഗ്രാവലിന്റെ അളവ്- 54.58$m^3$

10% കുറവ് ചെയ്തതിന് ശേഷം അനുവദനീയമായ അളവ് - 49.13$m^3$

$M^3$ന് 1515.20 രൂപ നിരക്കിൽ 54.58m3ന് നൽകിയത് - 82699/-

അനുവദനീയമായത് - 49.13$m^3$ X 1515.20 = 74441/-

അധികം നൽകിയത് = 82699 - 74441 = 8258/-രൂപ

മേൽ സൂചിപ്പിച്ച പ്രകാരം കൺസോളിഡേഷൻ കുറവ് ചെയ്യാതെ കരാറുകാർക്ക് മുഴുവൻ തുകയും നൽകിയത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (7/19-20) മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ തുക കരാറുകാരനിൽ നിന്നും ഈടാക്കി അടയ്ക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക:മുന്നിരിപ്പ് ഉൾപ്പെടെ | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 173550 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 173550 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 300000 | പാലിന് സബ്സിഡി | 300000 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 173550 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 173550 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 100000 | അംഗൻവാടി അനുപൂരക പോഷകാഹാരം | 100000 | 0 |

## 4-2 ഡെപ്പോസിറ്റ് പ്രവർത്തികൾക്കായി നിക്ഷേപിച്ച തുകകളുടെ വിശദാംശം

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | ലഭ്യമായില്ല | 1000000 | 30870655 | 2692549 | | 29178106 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

തൻവർഷം ഈയിനത്തിൽ വരവില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല.

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | | 62028718 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 62989346 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |

| | | |
|---|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 8258 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 404801 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 3-1 | | 8258 | ഷഫീക് എ, അസിസ്റ്റന്റ് എൻജിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 136500 | ലത എൽ, സെക്രട്ടറി |
| 1-21 | 268301 | ഡോ.തനൂജ, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. |
| | 404801 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ലത എൽ, സെക്രട്ടറി | സെക്രട്ടറി, ആറാട്ടുപുഴ ഗ്രാമ പഞ്ചായത്ത്. | വല്ലകി,കുട്ടപ്പാന,നെയ്യാറ്റിൻകര പി.ഒ, തിരുവനന്തപുരം |
| ഷഫീക് എ, അസിസ്റ്റന്റ് എൻജിനീയർ | തിരുവനന്തപുരം കോർപ്പറേഷൻ,കഴക്കൂട്ടം സോണൽ ഓഫീസ് | ദാറുസുറൂർ.മൈത്രി നഗർ ചക്കാലമുക്ക്,ശ്രീകാര്യം-695017 |
| ഡോ.തനൂജ, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി,മുതുകുളം | തൊട്ടുകൈയ്യിൽ വീട്, പട്ടംതുരുത്ത് പി.ഒ, പെരിനാട്,കൊല്ലം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1997-98 മുതൽ 2003-04 വരെ | എൽ.എഫ്.ജി.എ.5-1832/11, തീയതി – 31.01.2012 |
| 2005-06 | എൽ.എഫ്.ജി.എ.13-1174/13, തീയതി – |
| 2006-07 | എൽ.എഫ്.ജി.എ.13-699/10, തീയതി – 18.12.2010/31.12.2010 |

| | |
|---|---|
| 2007-08 | എൽ.എഫ്.പി7-607/12 തീയതി – 08.02.2012 |
| 2008-09 | എൽ.എഫ്.എ.പി4-820/12, തീയതി – 05.11.2012 |
| 2009-10 | എൽ.എഫ്.എ.പി4-1403/13, തീയതി – 21.02.2014/05.04.2014 |
| 2010-11, 2011-12, 2012-13 | എൽ.എഫ്.എ.പി4-1403/13, 21.02.2014/05.04.2014 |
| 2013-14 | കെ.എസ്.എ-എ.എൽ.പി.പി4-202/16, 15.03.2016 |
| 2014-15 | കെ.എസ്.എ-എ.എൽ.പി.പി4-760/16, 07.07.2016 |
| 2015-16 | കെ.എസ്.എ-എ.എൽ.പി.പി4-1529/16, 31.12.2016 |
| 2016-17 | കെ.എസ്.എ-എ.എൽ.പി.പി4-865/17, 05.07.2017 |
| 2017 -18 | കെ.എസ്.എ-എ.എൽ.പി.പി4-206/19, 11.03.2019 |
| 2018-19 | കെ.എസ്.എ-എ.എൽ.പി.പി4-1113/19, 28.01.2020 |
| 2019-20 | കെ.എസ്.എ-എ.എൽ.പി.പി4-1158/21, |

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ മുതുകുളം ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ മുതുകുളം ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്